15
2024
ഫെബ്രുവരി
വ്യാഴം
കുംഭം 2

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.130 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-130 പേജ് 4. വില 2.00 രൂപ




02 നെഹ്റുവിയൻ രാഷ്ട്രീയത്തെ തകർക്കാൻ ബിജെപി ശ്രമം: എൻ. കെ. പ്രേമചന്ദ്രൻഎം പി
03 ലോക്സഭാ തെരഞ്ഞെടുപ്പ്: സ്ഥാനാർഥി നിർണയം: അണിയറചർച്ച സജീവം
04 നെഹ്റുവിയൻ രാഷ്ട്രീയത്തെ തകർക്കാൻ ബിജെപി ശ്രമം: എൻ. കെ. പ്രേമചന്ദ്രൻഎം പി

# കേന്ദ്രവുമായി ചർച്ച വ്യാഴാഴ്ച



ന്യൂഡൽഹി : കർഷക സമരത്തിന്റെ രണ്ടാം ദിനവും പഞ്ചാബ് ഹരിയാന അതിർത്തിയിൽ 'ദില്ലി ചലോ' മാർച്ചിനെ കണ്ണീർവാതക ഷെല്ലുകളുതിർത്ത് നേരിട്ട് പൊലീസ്. ഡ്രോണുകൾ ഉപയോഗിച്ച് ആകാശത്തുനിന്നും കണ്ണീർവാതക ഷെല്ലുകൾ വർഷിക്കുന്നുണ്ട്. ജലപീരങ്കിയും പ്രയോഗിക്കുന്നതായി കർഷകർ ആരോപിച്ചു. കേന്ദ്ര സർക്കാരുമായി ചർച്ചയ്ക്ക് തയാറാണെന്ന് കർഷക സംഘടനകൾ അറിയിച്ചു. പിന്നാലെ ഓൺലൈൻ യോഗം നടത്താമെന്ന് സർക്കാർ വ്യക്തമാക്കി. ഓൺലൈൻ യോഗത്തിൽ എല്ലാവർക്കും പങ്കെടുക്കാൻ കഴിയാത്തതിനാൽ വ്യാഴാഴ്ച വൈകിട്ട് 5ന് ചണ്ഡിഗഡിൽ വച്ച് നേരിട്ടു ചർച്ച നടത്താനാണു പുതിയ തീരുമാനം. കർഷകരും സർക്കാരുമായി മൂന്നാമത്തെ ചർച്ചയാണ് വ്യാഴാഴ്ച നടക്കുന്നത്.

കർഷകരുമായി ചർച്ചയ്ക്കു തയാറാണെന്ന് നേരത്തേയും സർക്കാർ അറിയിച്ചിരുന്നു. ആദ്യ രണ്ടു ചർച്ചകളിൽ പരിഹാരം നിർദേശിക്കാൻ കേന്ദ്രത്തിനു കഴിഞ്ഞില്ലെന്നു കാണിച്ച് കർഷകർ ക്ഷണം നിരസിക്കുകയായിരുന്നു. പ്രശ്നങ്ങൾ പരിഹരിക്കാൻ കമ്മിറ്റി രൂപീകരിക്കാമെന്നാണ് സർക്കാർ പറയുന്നത്. എന്നാൽ മൂന്നു വർഷം മുൻപ് ഇതേകാര്യം പറഞ്ഞതാണെന്നും അതിൽ തുടർ നടപടികൾ ഉണ്ടായില്ലെന്നും പ്രതിഷേധക്കാർ ചൂണ്ടിക്കാട്ടി. ആവശ്യങ്ങൾ അംഗീകരിക്കുമെന്ന ഉറപ്പ് ലഭിക്കണമെന്നും കർഷകർ പറയുന്നു. സംഘർഷത്തിൽ ഇതുവരെ 60 പേർക്കു പരുക്കേറ്റതായി കർഷക സംഘടനകൾ വ്യക്തമാക്കി. 24 ഉദ്യോഗസ്ഥർക്കു പരുക്കേറ്റതായി പൊലീസും അറിയിച്ചു. 'ദില്ലി ചലോ' മാർച്ചിന്റെ ഏറ്റവും പുതിയ വിവരങ്ങൾ അറിയാം:

സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കാതെ കേന്ദ്രം കർഷകരെ വഞ്ചിച്ചെന്ന് കോൺഗ്രസ്. ഉൽപാദനച്ചെലവിനേക്കാൾ 50 ശതമാനം കൂടുതൽ താങ്ങുവില ഉറപ്പാക്കണമെന്ന് റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നു. നിയമപരിരക്ഷ നൽകിയാൽ മാത്രമേ ഇക്കാര്യം നടപ്പാക്കാനാകൂ. ഈ ശുപാർശ നടപ്പാക്കുമെന്നത് 2014ൽ ബിജെപി മുന്നോട്ടു വച്ച പ്രധാന വാഗ്ദാനമായിരുന്നു. എന്നാൽ ഇത് നടപ്പാക്കാൻ തയാറാകാത്ത സർക്കാർ, കർഷകരെ വഞ്ചിക്കുകയാണെന്നും പ്രധാനമന്ത്രി രാജ്യത്തോട് മാപ്പു പറയണമെന്നും കോൺഗ്രസ് വക്താവ് പവൻ ഖേര പറഞ്ഞു.

തങ്ങളുടെ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്രവുമായി ചർച്ച നടത്താൻ തയാറാണെന്ന് കർഷക നേതാവ് ജഗജിത് സിങ് ദല്ലേവാൾ. തങ്ങളുടെ ആവശ്യങ്ങൾ നേരത്തേ മുന്നോട്ടുവച്ചതാണെന്നും കേന്ദ്രം അംഗീകരിക്കാതിരുന്ന പശ്ചാത്തലത്തിലാണ് സമരത്തിലേക്ക് കടക്കേണ്ടി വന്നതെന്നും ജഗജിത് സിങ് വ്യക്തമാക്കി. ചർച്ച നടത്താനായി കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്ന് ഇതുവരെ ക്ഷണം ലഭിച്ചിട്ടില്ല. ചണ്ഡിഗഡിൽ വച്ച് ചർച്ച നടത്താനാണ് താൽപര്യം. എന്നാൽ എല്ലാവരുടെയും സമ്മതം നേടിയ ശേഷമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം സ്വീകരിക്കാനാവൂ എന്നും അദ്ദേഹം വ്യക്തമാക്കി.

കർഷക പ്രക്ഷോഭത്തിനിടെയുണ്ടായ സംഘർഷത്തിൽ 2 ഡിഎസ്പിമാർ ഉൾപ്പെടെ 24 പൊലീസ് ഉദ്യോഗസ്ഥർക്ക് പരുക്കേറ്റതായി ഹരിയാന ഡിജിപി ശത്രുജീത്ത് കപുർ. കല്ലേറിലാണ് പൊലീസുകർക്ക് പരുക്കേറ്റതെന്നും ക്രമസമാധാന നില സാധാരണ ഗതിയിലാക്കാൻ കർഷകർ സഹകരിക്കണമെന്നും ഡിജിപി ആവശ്യപ്പെട്ടു. അതേസമയം ഡൽഹി അതിർത്തിയിലേക്ക് കൂടുതൽ കർഷകർ എത്തിക്കൊണ്ടിരിക്കുകയാണ്. അംബാല ചണ്ഡിഗഡ് പാതയിലെ ഗതാഗതം സ്തംഭിച്ചു.

## സംഗീത സംവിധായകൻരാജാമണി യുടെ ഓർമ ദിവസം ഫെബ്രുവരി മാസത്തിലെ പതിന്നാലാണ്
# രാജകീയ സംഗീതത്തിന്റെ മണികിലുക്കം

മോഹൻ ശ്രീശൈലം



രാജാമണിജനിച്ചത് കന്യാകുമാരിയിലെ ഭൂതപ്പാണ്ടിയിലാണെങ്കിലും വളർന്നതും പഠിച്ചതും കേരളത്തിലെ കോ ഴിക്കോട്ടു നിന്നാണ് അച്ഛൻ മലയാളത്തിലെ ആദ്യകാലസംഗീതജ്ഞനായിരുന്ന ബി എ ചിദംബരനാഥ്. അമ്മ തുളസി കോഴിക്കോട് ആകാശവാണിയിലെ ജീവനക്കാരി ആയിരുന്നു. കോഴിക്കോട് മാവൂർ റോഡിലെ അശോക ആസ്പത്രിക്ക് സമീപമുള്ള അമ്മയുടെ തറവാട്ട് വീട്ടിലായിരുന്നു കുട്ടിക്കാലം. ചിദംബരനാഥ്തുളസി ദമ്പതികളുടെ ആറുമക്കളിൽ മൂത്തമകനായ രാജാമണി ചെറുപ്പകാലത്ത് തന്നെ മുത്തച്ഛനിൽ നിന്നും അച്ഛനിൽ നിന്നുമൊക്കെ കർണ്ണാടക സംഗീതം വയലിനും വായ്പട്ടുമൊക്കെ അഭ്യസിച്ചു. കൂടെ നിരവധി സംഗീത ഉപകരണങ്ങളും പഠിച്ചെടുത്തു. പതിമൂന്നാം വയസിൽ ചെന്നൈയിലേക്ക് താമസം മാറ്റിയ രാജാമണി അച്ഛന്റെ സംഗീതസംവിധാനത്തിൽ പുറത്തിറങ്ങിയ കുഞ്ഞിക്കൂനൻ എന്ന സിനിമയിലെ ഗാനങ്ങൾക്ക് കോംഗോ ഡ്രം വായിച്ച് കൊണ്ട് സിനിമയിൽ തുടക്കമിടുമ്പോൾ പഠിച്ചിരുന്നത് ഏഴാം ക്ലാസിലായിരുന്നു. അച്ഛനൊപ്പം സിനിമയുടെ സംഗീത സംവിധാന സെഷനുകളിൽ പങ്കെടുത്ത് ആ സെഷനുകളിൽ കണ്ടക്റ്ററായിരുന്ന ആർ കെ ശേഖറിന്റെ മ്യൂസിക് കണ്ടക്റ്റിംഗ് കണ്ട് അതിലേക്ക് ആകർഷിതനായി.

നൂറ്റമ്പതോളം ഗാനങ്ങൾക്ക് സംഗീതം പകർന്നിട്ടുള്ളയാളാണ് രാജാമണി. മലയാളം, തമിഴ്, തെലുങ്ക്, കന്നഡ ഭാഷകളിലായി എഴുന്നൂറിലേറെ ചിത്രങ്ങൾക്ക് പശ്ചാത്തലസംഗീതവും പകർന്നിട്ടുണ്ട്.

ബീനയാണ് ഭാര്യ. മറ്റൊരു മകൻ ആദിത്യ അഭിഭാഷകനാണ്

എണ്ണത്തിൽ കുറവെങ്കിലും എല്ലാം ഓർമയിൽ തങ്ങിനിൽക്കുന്ന ഗാനങ്ങളാണ് അന്തരിച്ച സംഗീത സംവിധായകൻ രാജാമണിയുടേത്. ''സംഗീതസംവിധാനത്തിന് ഞാൻ അവസരങ്ങൾ തേടി പോകാറില്ല. പിന്നെ ഇന്നത്തെ രീതിയിലുള്ള തട്ടുപൊളിപ്പൻ പാട്ടുകളോട് വലിയ താത്പര്യവുമില്ല'' പതിനൊന്ന് ഭാഷകളിലായി എഴുപതോളം ചിത്രങ്ങൾക്കുവേണ്ടി സംഗീതം നൽകിയ രാജാമണി പലപ്പോഴും പറഞ്ഞിട്ടുണ്ട്.

ചിദംബരനാഥ് തുളസി ദമ്പതിമാരുടെ ആറു മക്കളിൽ മൂത്തവനായ രാജാമണി, സംഗീതത്തിന്റെ ബാലപാഠങ്ങൾ പഠിക്കുന്നത് അച്ഛനിൽനിന്നുതന്നെ. 1969ൽ അച്ഛൻ തന്നെ സംഗീതം നൽകിയ 'കുഞ്ഞിക്കൂനൻ' എന്ന ചിത്രത്തിലെ ഗാനങ്ങൾക്ക് കോംഗോ ഡ്രം വായിച്ചുകൊണ്ടാണ് ഏഴാം ക്ലാസുകാരനായ രാജാമണി പിന്നണിയിലെത്തുന്നത്.

# ആഴക്കടലിൽ കുടുങ്ങിയ ആറ് മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തി

ചാവക്കാട്: മലപ്പുറം പൊന്നാനിയിൽനിന്ന് മത്സ്യബന്ധനത്തിന് പോയി ആഴക്കടലിൽ കുടുങ്ങിയ ആറ് മത്സ്യത്തൊഴിലാളികളെ ഫിഷറീസ് വകുപ്പിൻറെ കടൽ സംരക്ഷണ വിഭാഗം രക്ഷപ്പെടുത്തി.

പൊന്നാനി സ്വദേശി അബ്ദുള്ളക്കുട്ടി എന്നയാളുടെ ഉടമസ്ഥതയിലുള്ള ഭാരത് എന്ന ബോട്ടിലെ മത്സ്യത്തൊഴിലാളികളെയാണ് രക്ഷപ്പെടുത്തിയത്.

ചാവക്കാട് ലൈറ്റ് ഹൗസിൽനിന്ന് എട്ട് നോട്ടിക്കൽ മൈൽ അകലെ വടക്ക് പടിഞ്ഞാറ് കടലിലാണ് ബോട്ടിൻറെ എൻജിൻ നിലച്ചത്. ഇതിനെ തുടർന്ന് മത്സ്യത്തൊഴിലാളികൾ അഴീക്കോട് തീരദേശ വിഭാഗത്തെ വിവരം അറിയിക്കുകയായും ഇവർ മത്സ്യത്തൊഴിലാളികളെ രക്ഷിച്ച് മുനക്കക്കടവ് ഹാർബറിൽ എത്തിക്കുകയുമായിരുന്നു.

കടലിൽ ബോട്ടിൻറെ എൻജിൻ നിലച്ച് കുടുങ്ങിക്കിടക്കുന്നതായി അഴീക്കോട് ഫിഷറീസ് സ്റ്റേഷൻ അസിസ്റ്റൻറ് ഡയറക്ടർ എം.എഫ് പോളിന് സന്ദേശം ലഭിച്ചതിനെ തുടർന്നാണ് മുനക്കക്കടവ് ഭാഗത്തുള്ള സീ റെസ്ക്യൂ ബോട്ട് സംഘം കടലിലെത്തി ഇവരെ രക്ഷിച്ചത്.

തകരാറിലായ ഇവരുടെ ബോട്ടിനെ കെട്ടിവലിച്ച് കരയിലെത്തിച്ചു. അഴീക്കോട് ഫിഷറീസ് മറൈൻ എൻഫോഴ്സ്മെൻറ് ഓഫീസർമാരായ വി.എം. ഷൈബു, വി.എൻ. പ്രശാന്ത് കുമാർ, ഇ.ആർ. ഷിനിൽ കുമാർ, ഫിഷറീസ് സീ റെസ്ക്യൂ ഗാർഡുമാരായ പ്രമോദ്, അജിത്ത്, ബോട്ട് സ്രാങ്ക് റഷീദ്, ഡ്രൈവർ മുഹമ്മദ് എന്നിവർ രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകി.

## ആലുവ അപകടം; കുട്ടിയെ ഇടിച്ചിട്ട കാർ ഡ്രൈവറെയും ഉടമയെയും അറസ്റ്റുചെയ്ത് വിട്ടയച്ചു

ആലുവ: ആലുവയിൽ ഏഴു വയസുകാരനെ ഇടിച്ചിട്ട കാർ നിർത്താതെ പോയ സംഭവത്തിൽ വാഹനം ഓടിച്ചയാളെയും ഉടമയെയും അറസ്റ്റുചെയ്ത് ജാമ്യത്തിൽ വിട്ടു. കാർ ഓടിച്ചിരുന്ന നെടുമ്പാശ്ശേരി സ്വദേശി ഷാൻ, കാർ ഉടമ തൃക്കാക്കര സ്വദേശി രഞ്ജിനി എന്നിവരെയാണ് അറസ്റ്റ് ചെയ്ത് വിട്ടയച്ചത്.

സഹോദരിക്കൊപ്പം അച്ഛൻ ഓടിച്ചിരുന്ന ഓട്ടോറിക്ഷയിൽ സഞ്ചരിക്കുന്നതിനിടെയാണ് ഏഴു വയസുകാരൻ നിഷികാന്ത് റോഡിലേക്ക് തെറിച്ചുവീണത്. ചൊവ്വാഴ്ച പത്തുമണിയോടെയാണ് സംഭവം. കുഞ്ഞ് എണീറ്റു മാറാൻ ശ്രമിച്ചെങ്കിലും തൊട്ടു പിന്നാലെ വന്ന കാർ ഇടിച്ചു വീഴ്ത്തുകയായിരുന്നു. അപകട ശേഷം കാർ നിർത്താതെ പോകുന്നത് സിസിടിവി ദൃശ്യങ്ങളിൽ കാണാം. പിന്നാലെ അച്ഛനും നാട്ടുകാരും ചേർന്ന് കുഞ്ഞിനെ ആശുപത്രിയിൽ എത്തിച്ചു. ഗുരുതരമായി പരിക്കേറ്റ കുഞ്ഞ് ഇപ്പോഴും വെന്റിലേറ്ററിലാണ്.

# കൊട്ടിയൂരിൽ നിന്ന് പിടികൂടിയ കടുവ ചത്തു

കണ്ണൂർ: കൊട്ടിയൂരിൽനിന്ന് വനംവകുപ്പ് മയക്കുവെടിവച്ച് പിടികൂടിയ കടുവ ചത്തു. ചൊവ്വാഴ്ചയാണ് കടുവയെ വനംവകുപ്പ് പിടികൂടിയത്. തുടർന്ന് തൃശൂർ മൃഗശാലയിലേക്ക് കൊണ്ടുപോകുന്നതിനിടെയാണ് കടുവ ചത്തത്. പത്ത് വയസുള്ള ആൺകടുവയാണ് ചത്തത്.

ജഡം പൂക്കോട് വെറ്ററി മെഡിക്കൽ കോളജിലേക്ക് മാറ്റും. ഇരിട്ടി സ്വദേശിയായ പ്രദീഷിൻറെ കൃഷിയിടത്തിലെ കമ്പിവേലിയിൽ കുടുങ്ങിയ നിലയിലായിരുന്നു കടുവയെ കണ്ടെത്തിയത്. പന്നിയാംമല കോളനി റോഡിനു സമീപമുള്ള പറമ്പിലായിരുന്നു കടുവ ഉണ്ടായിരുന്നത്. ആളുകൾ ശബ്ദമുണ്ടാക്കിയതോടെ കടുവ സമീപത്തുണ്ടായിരുന്ന മൺതിട്ടയിലേക്ക് ചാടിക്കയറി. ഉടൻതന്നെ നാട്ടുകാർ വനംവകുപ്പിനെയും പോലീസിനെയും വിവരമറിയിക്കുകയായിരുന്നു. തുടർന്ന് കടുവ [illegible] വച്ച് പിടികൂടാൻ തീരുമാനിക്കുകയായിരുന്നു. ആറളം, തളിപ്പറമ്പ് വനംവകുപ്പ് റേഞ്ചിലുള്ള ആർആർടി സംഘവും വയനാട്ടിൽനിന്നുള്ള മയക്കുവെടി വിദഗ്ധരും രാവിലെ സ്ഥലത്തെത്തി. തുടർന്ന് കടുവയെ മയക്കുവെടി വച്ചു. പിന്നീട് തൃശൂരിലേക്ക് മാറ്റാനിരിക്കെയാണ് അപ്രതീക്ഷിതമായി കടുവ ചത്തത്.

## മോദിയുടെ അരിയും പരിപ്പും തൃശൂരിൽ വേവില്ല: ടി.എൻ. പ്രതാപൻ

തൃശൂർ: ബിജെപി ഏറെ പ്രതീക്ഷയോടെ ഉറ്റുനോക്കുന്ന തൃശൂർ ലോക്സഭ മണ്ഡലത്തിൽ അരി വോട്ടാകുമോ എന്ന ചോദ്യമാണ് ഇപ്പോൾ ഉയരുന്നത്. 29 രൂപയുടെ ഭാരത് റൈസ് ഇപ്പോഴും മണ്ഡലത്തിൻറെ പല ഭാഗങ്ങളിലും കിട്ടിയിട്ടില്ലെങ്കിലും പാർട്ടി ഭേദമന്യേ വീട്ടമ്മമാർ ഈ അരികിട്ടിയാൽ കൊള്ളാം എന്ന് തുറന്നുപറയുന്നുണ്ട്.

കേന്ദ്രത്തിൻറെ അരിയെന്ന ലേബലിൽ വിപണനവും പ്രചാരണവും നടത്തിയാണ് അരി വിറ്റഴിക്കുന്നത്. വരാനിരിക്കുന്ന തെരഞ്ഞെടുപ്പിൽ ഈ അരി ബിജെപിക്ക് നേട്ടമാകുമോ എന്ന ആശങ്ക യുഡിഎഫ് എൽഡിഎഫ് പക്ഷങ്ങൾക്കുണ്ട്.

# ഗ്രീൻ ഹൈഡ്രജൻ ഉത്പാദിപ്പിക്കുന്ന ലോകത്തിലെ ആദ്യ വിമാനത്താവളമാവാൻ സിയാൽ

പൂർണമായും സൗരോർജത്തിൽ പ്രവർത്തിക്കുന്ന ലോകത്തെ ആദ്യത്തെ വിമാനത്താവളമായ കൊച്ചി അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (സിയാൽ), ഹരിതോർജ പദ്ധതികൾ വിപുലീകരിക്കുന്നു. ലോകത്തിൽ ആദ്യമായി, ഒരു വിമാനത്താവളത്തിൽ, ഗ്രീൻ ഹൈഡ്രജൻ പ്ലാൻറ് സ്ഥാപിക്കുന്നതിനായി സിയാൽ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡുമായി (ബി.പി.സി.എൽ) ധാരണാപത്രം ഒപ്പുവച്ചു. ബി. പി. സി. എല്ലിന്റെ സാങ്കേതിക പിന്തുണയോടെ, കൊച്ചി വിമാനത്താവള പരിസരത്താണ് ഗ്രീൻ ഹൈഡ്രജൻ പ്ലാൻറ് സ്ഥാപിക്കുന്നത്. പുനരുപയോഗയോഗ്യമായ സ്രോതസ്സുകളിൽ നിന്ന് ലഭിക്കുന്ന ഊർജ്ജമുപയോഗിച്ച് ഉത്പാദിപ്പിക്കുന്നതാണ് ഗ്രീൻ ഹൈഡ്രജൻ. സിയാലിന്റെ സൗരോർജ പ്ലാന്റുകളിൽ നിന്നുള്ള വൈദ്യുതോർജം ഉപയോഗിച്ച് ഭാവിയുടെ ഇന്ധനമായ ഗ്രീൻ ഹൈഡ്രജനാണ് ബി.പി.സി.എല്ലിന്റെ സാങ്കേതിക സഹായത്തോടെ ഉത്പാദിപ്പിക്കുന്നത്. കാർബൺ വിമുക്ത (സീറോ കാർബൺ) സ്ഥാപനമായ സിയാലിന്റെ ഊർജ്ജോത്പാദന സംരംഭങ്ങൾക്ക് ഇത് കരുത്ത് പകരും.

തിരുവനന്തപുരം നിയമസഭാ മന്ദിരത്തിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ സാന്നിധ്യത്തിൽ കരാർ കൈമാറി. കരാർ പ്രകാരം ബി.പി.സി.എൽ പ്ലാൻറ് സ്ഥാപിക്കുകയും, വേണ്ട സാങ്കേതികസഹായം ലഭ്യമാക്കുകയും ചെയ്യും. വൈദ്യുതിയും വെള്ളവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും സിയാൽ ലഭ്യമാക്കും. 2025ന്റെ തുടക്കത്തിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്ന പ്ലാന്റിൽ നിന്ന് ലഭിക്കുന്ന ഇന്ധനം വിമാനത്താവള ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വാഹനങ്ങളിൽ ഉപയുക്തമാക്കും. ഇതിനായി പ്രത്യേക സജ്ജീകരണങ്ങളുള്ള വാഹനങ്ങൾ വാങ്ങും.

ഈ പദ്ധതി സിയാലിന്റെ ഹരിതോർജ്ജ പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. 50 ഗിഗാവാട്ട് സ്ഥാപിതശേഷിയുള്ള സോളാർ ഹൈഡ്രോ പദ്ധതികളിലൂടെ 2 ലക്ഷം യൂണിറ്റ് വൈദ്യുതി, സിയാൽ ദിവസേന ഉത്പാദിപ്പിക്കുന്നുണ്ട്. ഇതുകൂടാതെയാണ് 1000 കിലോവാട്ട് സ്ഥാപിതശേഷിയുള്ള ഗ്രീൻ ഹൈഡ്രജൻ പ്ലാന്റ് സിയാൽ സ്ഥാപിക്കുന്നത്.

വ്യവസായ മന്ത്രി പി.രാജീവ്, ചീഫ് സെക്രട്ടറി ഡോ. വി. വേണു, അഡീഷണൽ ചീഫ് സെക്രട്ടറി കെ.ആർ. ജ്യോതിലാൽ, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല, സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ്, ബി.പി.സി.എൽ ചെയർമാൻ ജി. കൃഷ്ണകുമാർ, ബി.പി.സി.എൽ ഡയറക്ടർമാരായ വി.ആർ.കെ ഗുപ്ത, രഞ്ജൻ നായർ, ബി. പി.സി.എൽ എക്സിക്യൂട്ടീവ് ഡയറക്ടർ ഷെല്ലി എബ്രഹാം, സിയാൽ എക്സിക്യൂട്ടീവ് ഡയറക്ടറും കമ്പനി സെക്രട്ടറിയുമായ സജി കെ. ജോർജ്, സിയാൽ ജനറൽ മാനേജർ (കൊമേഴ്സ്യൽ) ജോസഫ് പീറ്റർ പൈനുങ്കൽ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

# 'സഹകരണം ശക്തിപ്പെടണം'; ഇന്ത്യയും യുഎഇയും എട്ട് കരാറുകളിൽ ഒപ്പുവച്ചു

അബുദാബി: പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ യുഎഇ സന്ദർശനത്തിൽ ഇന്ത്യയും യുണൈറ്റഡ് അറബ് എമിറേറ്റ്സും എട്ട് ധാരണാപത്രങ്ങളിൽ ഒപ്പുവെച്ചു. നിക്ഷേപം, വൈദ്യുതി വ്യാപാരം, ഡിജിറ്റൽ പേയ്മെൻറ് പ്ലാറ്റ്ഫോമുകൾ തുടങ്ങിയ സുപ്രധാന മേഖലകളിലെ സഹകരണം ശക്തിപ്പെടുത്തുന്നതിനായുള്ള ധാരണാപത്രങ്ങളിലാണ് ഇരു രാജ്യങ്ങളും ഒപ്പുവെച്ചത്.

പേയ്മെൻറ് പ്ലാറ്റ്ഫോമുകളായ യുപിഐയും യുഎഇയുടെ എഎഎൻഐയും തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള ധാരണാപത്രവും നരേന്ദ്ര മോദിയുടെയും യുഎഇ പ്രസിഡൻറ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻറെയും സാന്നിധ്യത്തിൽ ഒപ്പുവെച്ചു. ഇതോടെ ഇരുരാജ്യങ്ങളും തമ്മിലുള്ള കറൻസി ഇടപാടുകൾ സുഗമമാകും.

ഇന്ത്യമിഡിൽ ഈസ്റ്റ് ഇക്കണോമിക് കോറിഡോർ സംബന്ധിച്ച് ഇരു രാജ്യങ്ങളും തമ്മിൽ ഒരു ഇൻറർ ഗവൺമെൻറൽ ഫ്രെയിംവർക്ക് കരാറും ഒപ്പുവച്ചു. ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടുകളിലെ സഹകരണത്തിനുള്ള കരാർ, പൈതൃക, മ്യൂസിയം മേഖലകളിലെ സഹകരണത്തിന് ഊന്നൽ നൽകുന്ന ധാരണാപത്രം എന്നിവയും ഒപ്പുവെച്ചു.

കഴിഞ്ഞദിവസം, 'അഹ്ലൻ മോദി' പരിപാടിയിൽ പങ്കെടുത്ത നരേന്ദ്ര മോദി പ്രവാസി ഇന്ത്യക്കാരെ അഭിസംബോധന ചെയ്യുകയുണ്ടായി. മലയാളത്തിലും ദക്ഷിണേന്ത്യൻ ഭാഷകളിലും സംസാരിച്ചുകൊണ്ടാണ് മോദി പ്രസംഗം ആരംഭിച്ചത്.



# സുരക്ഷാ സംവിധാനങ്ങളില്ലാതെ വലഞ്ഞ് തീരസംരക്ഷണ സേന

വിഴിഞ്ഞം: സുരക്ഷാ സംവിധാന ങ്ങളില്ലാതെ വലഞ്ഞ് തീരസംര ക്ഷണ സേന.

മയക്കുമരുന്നുമായി തീരസംരക്ഷണ സേന വർഷങ്ങൾക്ക് മുൻപ് പിടികൂടിയ ശ്രീലങ്കൻ ബോട്ടുകൾക്ക് സുരക്ഷയൊരുക്കാൻ അത്യാധുനിക തോക്കുകളുമായി പോലീസ് കാവലുണ്ടെങ്കി ലും ആയുധങ്ങൾ സൂക്ഷിക്കുന്ന കെട്ടിടത്തിനു വെട്ടവും വെളിച്ചവുമില്ലെന്ന് ആക്ഷേപം.

പൊട്ടിപ്പൊളിഞ്ഞ കതകും ജനാലകളുമുള്ള പഴഞ്ചൻ കെട്ടിടം സുരക്ഷാ ഉദ്യോഗസ്ഥർക്കും തലവേദനയാകുന്നു. 2021 ലാണ് മൂന്നു ശ്രീലങ്കൻ ബോട്ടുകളെ ഉൾക്കടലിൽനിന്ന് കോസ്റ്റ് ഗാർഡ് പിടികൂടി വിഴിഞ്ഞത്ത് എത്തിച്ചത്. എന്നാൽ പരിശോധനയിൽ കുറ്റക്കാരല്ലന്നു കണ്ടെത്തി ഒരു ബോട്ടിലെ തൊഴിലാളികളെയും ബോട്ടും വിട്ടയച്ചു. അന്നു കസ്റ്റഡിയിലെടുത്ത രണ്ടു ബോട്ടിലെ തൊഴിലാളികളെ ദേശീയ അന്വേഷണ ഏജൻസികൾ നടത്തിയ ചോദ്യം ചെയ്യലിനുശേഷം അറസ്റ്റുചെയ്തിരുന്നു.

എൻഐഎ വിഭാഗം ഏറ്റെടുത്ത കേസിലെ തൊണ്ടി മുതലായ ബോട്ടുകളെ തീരദേശ പോലീസ് സ്റ്റേഷനു സമീപത്തെ വാർഫിൽ അന്താരാഷ്ട്ര തുറമുഖ നിർമാതാക്കളുടെ ക്രെയിനിൻറെ സഹായത്തോടെ കയറ്റി വച്ചു. അന്യരാജ്യത്തിലെ ബോട്ടായതിനാൽ കൂടുതൽ സുരക്ഷയും വേണ്ടി വന്നു. അതിനായി ഏആർ ക്യാമ്പിലെ മൂന്നു വീതം പോലീസുകാരെ മാറി മാറി സുരക്ഷക്കായി നിയോഗിച്ചുവരികയാണ്.

പ്രശ് നങ്ങൾ ഉണ്ടായാൽ നേരിടാൻ അത്യാധുനിക തോക്കുകൾ നൽകിയശേഷം ബോട്ടുകൾക്ക് തൊട്ടടുത്തായി തീരദേശ പോലീസിൻറെ സീ പോസ്റ്റിൽ പോലീസുകാർക്കായി ക്യാമ്പും ഒരുക്കി. എന്നാൽ മാസങ്ങൾക്കുള്ളിൽ കെട്ടിടത്തിലെ വൈദ്യുതി ബന്ധമില്ലാതായി. ഇരുട്ടിലായ കെട്ടിടത്തിൽ തോക്കുകൾ സൂക്ഷിക്കുന്നതിൻറെ കാര്യത്തിൽ ആശങ്ക ഉയർന്നെങ്കിലും ബന്ധപ്പെട്ടവർ ആരും തിരിഞ്ഞു നോക്കിയില്ലെന്നും പരാതി ഉയർന്നു.

കെട്ടിടത്തിൽ കറണ്ടില്ലായിരുന്നെങ്കിലും 50 മീറ്റർ മാറി ബോട്ടുകളുടെ സമീപത്തായി ഒരു ഹൈമാസ്റ്റ് ലൈറ്റ് കത്തിയിരുന്നു. അടുത്ത കാലത്തായി ലൈറ്റ് ആണഞ്ഞതോടെ പ്രദേശം കൂരിരുട്ടിലായി. ഒടുവിൽ മെഴുക് തിരിയുടെ വെളിച്ചത്തിലാണ് ഇപ്പോൾ സുരക്ഷ. ജനാലകളും കതകുകളും മേൽക്കൂരയുമെല്ലാം ജീർണിച്ച തോടെ ഇഴജന്തുക്കളും മുറിക്കുള്ളിൽ കയറാൻ തുടങ്ങി.

കൂടാതെ കൊതുക് ശല്യവും സുരക്ഷാ ഉദ്യോഗസ്ഥരുടെ ഉറക്കം കെടുത്തുകയാണ്. ഇഴജന്തുക്കളുടെ ശല്യം വർധിച്ചതോടെ തീരദേശ പോലീസ് ഇടപെട്ട് കോർപ്പറേഷൻ ജീവനക്കാരെ വിളി ച്ചുവരുത്തി കാട് വെട്ടിത്തെളിച്ച് താല്കാലിക പരിഹാരം കണ്ടു. കാറ്റും മഴയുമേറ്റ് ജീർണിച്ച ശ്രീലങ്കൻ ബോട്ടുകളും നാശത്തിൻറെ വക്കിലാണ്.

കാടും പടലും കയറിയ ബോട്ട് ഇഴ ജന്തുക്കൾ താവളവുമാക്കി. ദേശീയഅന്വേഷണ ഏജൻസികളുടെ കൈയിലുള്ള കേസിൻറെ അവസാനം എന്നുണ്ടാകുമെന്നും അറിയില്ല. ബോട്ടുകൾക്കു മോചനമാകും വരെ സുരക്ഷ തുടരാനാണ് തീരുമാനം.

# ഫെയ്സ്ബുക്കിലൂടെ ജോലി വാഗ്ദാനം ചെയ്തു പണംതട്ടി: ഒരാൾ പിടിയിൽ

പേരൂർക്കട: ഫെയ്സ്ബുക്കിലൂടെ വ്യാജ ഐഡി ഉണ്ടാക്കി പണം തട്ടിച്ചയാളെ കരമന പോലീസ് അറസ്റ്റുചെയ്തു. വെള്ളനാട് ശങ്കരമുഖം പനച്ചക്കോണത്ത് തെക്കേക്കര വീട്ടിൽ സണ്ണി ഐസക്ക് (58) ആണ് അറസ്റ്റിലായത്. കരമന സ്വദേശിനിയായ യുവതി തൻറെ പണം നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് നൽകിയ പരാതിയിൽ നടത്തിയ അന്വേഷണത്തിലാണ് ഇയ്യാൾ പിടിയിലായത്.

ഫെയ്സ്ബുക്കിലെ വ!്യാജ ഐഡിയിൽ സണ്ണി ഐസക്ക് ഒരു പരസ്യം പോസ്റ്റുചെയ്തു. കാനഡ, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിൽ പലതരം ജോലിയാണ് പരസ്യത്തിലൂടെ വാഗ്ദാനം ചെയ്തത്.

കൂടാതെ വിവിധ സംവിധായകരുടെ പുതിയ ചലച്ചിത്രങ്ങളിൽ മുഖംകാണിക്കാൻ അവസരം നൽകുമെന്നും പരസ്യത്തിലുണ്ടായിരുന്നു. നേരിട്ട് ബന്ധപ്പെടുന്നതിന് മൊബൈൽ നമ്പരും കൊടുത്തിരുന്നു.

ഈപരസ!്യം കണ്ടു വിളിക്കുന്നവരെയെല്ലാം സണ്ണി നേരിട്ടു കാണും. ആവശ്യക്കാരെ പറഞ്ഞുവിശ്വസിപ്പിച്ചശേഷമായിരിക്കും പണമിടപാട് നടത്തുക. ഗൂഗിൾ പേ വഴി വിവിധ കാലങ്ങളിലായി 90, 000 രൂപയാണ് പരാതിക്കാരിയായ യുവതിയിൽ നിന്നും പ്രതി തട്ടിയെടുത്തത്. കാനഡയിൽ എത്തിച്ച് ജോലി ശരിയാക്കി നൽകാമെന്നായിരുന്നു ഇവർക്കു വാഗ്ദാനം നൽകിയിരുന്നത്.

ജോലി ലഭിക്കാനുള്ള സാധ്യതകൾ മങ്ങിയതോടെയാണ് യുവതി സ്റ്റേഷനിൽ പരാതിയുമായി എത്തിയത്. പ്രതിയുടെ ബാങ്ക് അക്കൗണ്ടുകളെക്കുറിച്ചുള്ള വിശദമായ അന്വേഷണത്തിലാണ് പോലീസ്.

ഒരു വർഷത്തിനു മുമ്പാണ് പ്രതി പരസ്യം ഫെയ്സ്ബുക്കിൽ പോസ്റ്റ് ചെയ്തത്. അതുകൊണ്ടുതന്നെ കൂടുതൽ പേർ തട്ടിപ്പിന് ഇരയായിട്ടുണ്ടെന്നാണ് പോലീസിൻറെ അനുമാനം. കരമന സിഐ ദിനേഷ്, എസ്ഐമാരായ വിപിൻ, സുരേഷ്കുമാർ, സിപിഒ ഹരീഷ് എന്നിവരാണ് പരാതിയിൽ വിശദമായ അന്വേഷണം നടത്തിയതും പ്രതിയെ കസ്റ്റഡിയിലെടുത്തതും. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

# നിർമിത ബുദ്ധിയുടെ സാധ്യതകൾ ശിൽപശാല സംഘടിപ്പിച്ചു

തിരുവനന്തപുരം : എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി) കേരളയുടെ "സെന്റർ ഫോർ എനർജി സ്റ്റഡീസ്" പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ഹോട്ടൽ റസിഡൻസി ടവറിൽ വെച്ച് "വൈദ്യുതി വിതരണ മേഖലയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ.) അഥവാ നിർമ്മിതബുദ്ധിയുടെ സാധ്യതകൾ" എന്ന വിഷയത്തിൽ നടന്ന ശിൽപശാല വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു. എനർജി മാനേജ്മെൻറ് സെന്റർ (ഇ.എം.സി) കേരള ഡയറക്ടർ ഡോ. ആർ. ഹരികുമാർ സ്വാഗതം ആശംസിച്ചു. വിവിധ വ്യവസായ മേഖലകളിൽ ഡിജിറ്റൽ പരിവർത്തനത്തിൽ എ.ഐ.യുടെ വർദ്ധിച്ചുവരുന്ന സ്വാധീനത്തെ കുറിച്ച് വിദഗ്ധർ ചടങ്ങിൽ സംസാരിച്ചു. വൈദ്യുത മേഖല വിവിധ വെല്ലുവിളികളെ നേരിടുന്ന സാഹചര്യത്തിൽ മാറ്റത്തിനായി എ.ഐ. യുടെ ഉപയോഗം പര്യവേക്ഷണം ചെയ്യേണ്ടതിന്റെ ആവശ്യകത, എ. ഐ ലൂടെ പ്രോജക്ടുകൾ എങ്ങനെ വിന്യസിക്കാം എന്നീ വിഷയങ്ങൾക്കാണ് ശില്പശാല പ്രാധാന്യം നൽകിയത്.

ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കെ. ആർ. ജ്യോതിലാൽ ശില്പശാലയ്ക്ക് അധ്യക്ഷത വഹിക്കുകയും ടെക്നിക്കൽ സെഷന്റെ ആദ്യഘട്ടമായി എ.ഐ. യുടെ പ്രാധാന്യത്തെക്കുറിച്ച് ആമുഖ പ്രഭാഷണം നടത്തുകയും ചെയ്തു. വിവരശേഖരണം, മാതൃകാ വികസനം, വിന്യാസം എന്നിവ ഉൾക്കൊള്ളുന്ന എ.ഐ. യുടെ അവിഭാജ്യ ഘടകങ്ങളെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു.

പ്രസ്തുത ശില്പശാലയിലെ സാങ്കേതിക സെഷൻ ചെയ്ത ബാംഗ്ലൂരിലെ സെന്റർ ഫോർ സ്റ്റഡി ഓഫ് സയൻസ്, ടെക്നോളജി ആൻഡ് പോളിസിയിലെ, എ.ഐ ആൻഡ് ഡിജിറ്റൽ പ്ലാറ്റ്ഫോം വിഭാഗം മേധാവി രാജേഷ് ഷേണായിയാണ്. വ്യവസായ മേഖലയിൽ വിപ്ലവം സൃഷ്ടിക്കാൻ സഹായിക്കുന്നതിലും തടസ്സങ്ങൾ ഇല്ലാതെ വൈദ്യുതി വിതരണം കൈകാര്യം ചെയ്യുന്നതിലും എ.ഐ ആപ്ലിക്കേഷനുകളുടെ സാധ്യതകളെക്കുറിച്ച് രാജേഷ് ഷേണായി ചർച്ച ചെയ്തു. കെ.എസ്.ഇ.ബി, അനെർട്ട്, സിഡാക്, ടെക്നോപാർക്ക് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർ, വിവിധ എൻജിനീയറിങ് കോളേജിലെ അദ്ധ്യാപകർ,വിദ്യാർത്ഥികൾ, ഊർജ്ജ മേഖലയിലെ വിദഗ്ധർ അടങ്ങുന്ന 75 പേരോളം പരിപാടിയിൽ പങ്കെടുത്തു.

വൈദ്യുതി വിതരണത്തിൽ എ.ഐ യുടെ പരിവർത്തന സാധ്യതകളെ കുറിച്ച് ചർച്ച ചെയ്യുന്നതിന് ശിൽപശാല വേദിയായി. സാങ്കേതിക മുന്നേറ്റങ്ങളോടുള്ള സംസ്ഥാനത്തിൻറെ പ്രതിബദ്ധതയും അതിലേക്കായി സുസ്ഥിരവും കാര്യക്ഷമവുമായ പ്രവർത്തനങ്ങളുടെ നടത്തിപ്പും ഭാവിയിൽ വിവിധ പങ്കാളികളുടെ സഹകരണത്തോടെ നടത്തേണ്ട ശ്രമങ്ങളും അദ്ദേഹം വിശദീകരിച്ചു. സാങ്കേതിക സെഷനു ശേഷം ഉന്നയിച്ച ചോദ്യങ്ങൾക്ക് വിദഗ്ധർ മറുപടി നൽകി. ശില്പശാലയുടെ സമാപനത്തിൽ ഇ.എം.സി യുടെ ജോയിന്റ് ഡയറക്ടർ ദിനേശ് കുമാർ എ എൻ നന്ദി രേഖപ്പെടുത്തി.

## കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡ്സ് നിയമസഭ മാർച്ച് നടത്തി

തിരുവനന്തപുരം: നിലവിലുള്ള പെൻഷൻ തുകയായ 1600 വർധിപ്പിച്ച് 3000 രൂപയാക്കണമെന്നും ഭിന്നശേഷി വിഭാഗത്തിന് മാത്രമായി പെൻഷൻ രൂപീകരിച്ച് വിതരണം ചെയ്യണമെന്നാവശ്യപ്പെട്ട് കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡ്സ് നിയമസഭ മാർച്ച് നടത്തി. ഫെഡറേഷൻ സംസ്ഥാന പ്രസിഡൻറ് ഡോ. സി. ഹബീബ് മാർച്ച് ഉദ്ഘാടനം ചെയ്തു.

മാർച്ച് നിലവിൽ സർക്കാർ തരുന്ന പെൻഷൻ മുടങ്ങിയിട്ട് ആറ് മാസമായെന്നു അദ്ദേഹം പറഞ്ഞു. മറ്റുള്ളവരെ പോലെ ജോലികൾ ചെയ്യാൻ കഴിയാത്ത ഭിന്നേശേഷി സമൂഹത്തിന് പെൻഷൻ തുക പോലും ലഭിക്കാതാകുന്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ട് ചെറുതല്ല.

നിലവിൽ ക്ഷേമ പെൻഷൻ വിഭാഗത്തിലാണ് ഭിന്നശേഷികാരുടെ പെൻഷൻ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് മാറ്റി ഭിന്നശേഷിക്കാർക്കായി പ്രത്യേക പെൻഷനാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

കേരള ഫെഡറേഷൻ ഒഫ് ബ്ലൈൻഡ് സംസ്ഥാന വൈസ് പ്രസിഡൻറ് എം. കൃഷ്ണൻ, ജനറൽ സെക്രട്ടറി കെ. എം അബ്ദുൾ ഹക്കീം, അഡ്വൈസർ സി. കെ അബൂബെക്കർ, സംസ്ഥാന സെക്രട്ടറി കെ. സി രാധാകൃഷ്ണൻ, മനുഷ്യാവകാശ പ്രവർത്തകൻ തഴവ സത്യൻ തുടങ്ങിയവർ പ്രസംഗിച്ചു.

## പട്ടികജാതി, പട്ടികവർഗ കമ്മീഷൻ അദാലത്ത് 27 മുതൽ

തിരുവനന്തപുരം: സംസ്ഥാന പട്ടികജാതി പട്ടിക ഗോത്രവർഗ കമ്മീഷൻ മുൻപാകെ നിലവിലുള്ള പരാതികളിൽ തീർപ്പു കൽപ്പിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ 27,28,29 തീയതികളിൽ പരാതി പരിഹാര അദാലത്ത് നടത്തും.

ജില്ലാ പഞ്ചായത്ത് ഓഫീസിലെ ഇഎംഎസ് സ്മാരക ഹാളിൽ രാവിലെ 10. 30 മുതൽ വൈകുന്നേരം അഞ്ചുമണി വരെയാണ് അദാലത്ത്. കമ്മീഷൻ ചെയർമാൻ ശേഖരൻ മിനിയോടൻ, മെമ്പർമാരായ സേതുനാരായണൻ, ടി. കെ. വാസു എന്നിവർ നേതൃത്വം നൽകും.

പട്ടികജാതി പട്ടിക ഗോത്രവർഗക്കാരുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ കമ്മീഷൻ മുൻപാകെ സമർപ്പിച്ചിട്ടുള്ളതും വിചാരണയിൽ ഇരിക്കുന്നതുമായ കേസുകളിൽ പരാതിക്കാരെയും പരാതി എതിർകക്ഷികളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും നേരിൽ കേട്ട് പരാതികൾ തീർപ്പാക്കും.

പുതിയ പരാതികൾ സ്വീകരിക്കുന്നതിനും സൗകര്യം ഉണ്ടായിരിക്കും. അദാലത്തിൽ കമ്മീഷൻ ഉദ്യോഗസ്ഥരും ബന്ധപ്പെട്ട പോലീസ് ഓഫീസർമാർ, റവന്യൂ, വനം, വിദ്യാഭ്യാസ, പഞ്ചായത്ത്, ആരോഗ്യ, സഹകരണ, പട്ടികജാതി പട്ടികവർഗ വകുപ്പുകളിലെ ഉദ്യോഗസ്ഥരും പങ്കെടുക്കും.

## കേരളത്തിൻറെ ആത്മാഭിമാനത്തെ കേന്ദ്രം വെല്ലുവിളിക്കുന്നു: ആൻറണി രാജു എംഎൽഎ

തിരുവനന്തപുരം: കേരളത്തിൻറെ ആത്മാഭിമാനത്തെ കേന്ദ്രം വെല്ലുവിളിക്കുന്നു. ദില്ലിയിലെ പ്രതിഷേധ സമരത്തെ രാജ്യത്തെ എല്ലാ പ്രതിപക്ഷ കക്ഷികളും പിന്തുണച്ചപ്പോൾ സംസ്ഥാന കോൺഗ്രസ് നിഷേധാത്മകമായ സമീപനമാണ് സ്വീകരിച്ചതെന്ന് ജനാധിപത്യ കേരള കോൺഗ്രസ് പാർലമെൻററി പാർട്ടി ലീഡർ ആൻറണി രാജു.

ലോക്സഭതെരഞ്ഞെടുപ്പിൽ ഇടതുപക്ഷജനാധിപത്യ മുന്നണി സ്ഥാനാർഥികളെ വിജയപ്പിക്കുന്നത്തിനുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽക്കുന്നത്തിൻറെ ഭാഗമായി സംഘടിപ്പിച്ച ആറ്റിങ്ങൽ പാർലമെൻറ് കൺവൻഷൻ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. യോഗത്തിൽ ജില്ലാ പ്രസിഡൻറ് തോമസ് ഫെർണാണ്ടസ് അധ!്യക്ഷത വഹിച്ചു. സംസ്ഥാന വൈസ് ചെയർമാൻ വാമനപുരം പ്രകാശ്, ജില്ലാ വർക്കിംഗ് പ്രസിഡന്റ് ആന്റണി വെള്ളറട, കല്ലടനാരായണ പിള്ള, വിനയചന്ദ്രൻ, ഇറയംകോട് ഹരി, റോബിൻ പ്ലാവിള, കരിപ്പൂർ ഷാനവാസ്, ആര്യനാട് മണികുട്ടൻ, വിളപ്പിൽ റോബിൻസൺ എന്നിവർ പ്രസംഗിച്ചു.

## ടാലന്റ് ഹണ്ട് സെലക്ഷൻ പ്രോഗ്രാം

തിരുവനന്തപുരം : കായിക യുവജന കാര്യാലയത്തിന് കീഴിലെ സ്പോർട്സ് സ്കൂളിലേക്ക് 202425 അധ്യയന വർഷത്തിലേക്കുള്ള അഡ്മിഷൻ സംബന്ധിച്ച് ടാലെന്റ് ഹണ്ട് സെലക്ഷൻ പ്രോഗ്രാം ജനുവരി 11 മുതൽ ജനുവരി 19 വരെ വിവിധ കേന്ദ്രങ്ങളിൽ നടന്നിരുന്നു. എന്നാൽ പരീക്ഷയും മറ്റുമുള്ള കാരണങ്ങളാൽ സെലക്ഷന് പങ്കെടുക്കാൻ കഴിയാത്ത കുട്ടികൾക്ക് മറു അവസരം എന്ന നിലയിൽ ഫെബ്രുവരി 17ന് ജി.വി രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ, തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ എന്നീ വേദികളിൽ വച്ച് സെലക്ഷൻ പ്രോഗ്രാം നടത്തുന്നുണ്ട്.സെലക്ഷനിൽ പങ്കെടുക്കുന്ന വിദ്യാർഥികൾ വയസ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോഗ്രാഫ്, കായിക നേട്ടങ്ങൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, സ്പോർട്സ് ഡ്രസ് സഹിതം അതാത് സെന്ററുകളിൽ രാവിലെ എട്ടിന് എത്തണം. കൂടുതൽ വിവരങ്ങൾക്ക്: sdya.kerala.gov.in

## സാങ്കേതിക സർവകലാശാലയിൽ ഒഴിവുകൾ

തിരുവനന്തപുരം : എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയിൽ ഡീൻ റിസേർച്ച്, ഫിനാൻസ് ഓഫിസർ തസ്തികകളിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വിശദ വിവരങ്ങൾക്ക് www.ktu.edu.in .

## മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചു

തിരുവനന്തപുരം :പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന സംസ്ഥാനത്തെ ഒ.ബി.സി വിഭാഗങ്ങൾക്ക് വിവിധ മത്സര പരീക്ഷാ പരിശീലനങ്ങൾക്ക് ധനസഹായം നൽകുന്നതിനായി നടപ്പാക്കിവരുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം പദ്ധതിയുടെ ഘടകമായ മെഡിക്കൽ/എൻജിനിയറിങ് പരിശീലന വിഭാഗത്തിന്റെ 202324 വർഷത്തെ ഗുണഭോക്താക്കളുടെ കരട് മുൻഗണനാപട്ടിക www.bcdd.kerala.gov.in, www.egratnz.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചു. കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ഓഫീസുകളിൽ ബന്ധപ്പെടണം

# കഴക്കൂട്ടം സർക്കാർ വനിത ഐടിഐയിൽ ഹോസ്റ്റൽ മന്ദിരം ഉദ്ഘാടനം ചെയ്തു

കഴക്കൂട്ടം: നിയോജക മണ്ഡലത്തിലെ ഗവ. വനിതാ ഐടിഐ കാന്പസിൽ നിർമിച്ച ഹോസ്റ്റൽ മന്ദിരത്തിൻറെ ഉദ്ഘാടനം മന്ത്രി വി ശിവൻകുട്ടി നിർവഹിച്ചു. വൈദഗ്ധ്യവും ശാക്തീകരണവുമുള്ള ഒരു തൊഴിൽ ശക്തിയെ രൂപപ്പെടുത്തുന്നതിൽ സ്യൂട്ട് കേരള പ്രതിജ്ഞാബദ്ധമാണെന്നും സ്ത്രീകൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൽ സജീവമായി പങ്കെടുക്കാനും പ്രോത്സാഹിപ്പിക്കാനും ഇത്തരത്തിലുള്ള സംരംഭങ്ങൾ അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു.

ഇൻസ്ട്രക്ടർമാർക്കൊപ്പം വിദ്യാർഥിനികൾക്കും ഹോസ്റ്റൽ സൗകര്യം പ്രയോജനപ്പെടാനുള്ള സൗകര്യം ചെയ്യണമെന്ന് വകുപ്പ് ഡയറക്ടർക്ക് മന്ത്രി നിർദേശം നല്കി. 202223 പരിശീലന വർഷത്തിൽ മാത്രം 2557 പേർക്ക് നേട്ടമുണ്ടാക്കി, ഗണ്യമായ എണ്ണം ജീവനക്കാരെ ഇൻസ്റ്റിറ്റ്യൂട്ട് വിജയകരമായി പരിശീലിപ്പിച്ചിട്ടുണ്ട്.

സംസ്ഥാന വ്യാവസായിക പരിശീലന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്കിൽ അപ്ഡേറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഡസ്ട്രിയൽ ട്രെയ്നിംഗ് (സ്യൂട്ട്കേരള) കേരളത്തിലെ ഐടിഐ ഇൻസ്ട്രക്ടർമാർക്കായി അത്യാധുനിക സാങ്കേതിക വിദ്യകളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി സമഗ്ര പരിശീലനം നൽകിവരുന്നുണ്ട്.

പരിശീലനത്തിനു വരുന്ന വനിതാ ജീവനക്കാർക്ക് താമസസൗകര്യം ഒരുക്കുന്നതിനായി 2.10 കോടി രൂപ ചെലവഴിച്ചാണ് ഹോസ്റ്റൽ മന്ദിരം നിർമിച്ചിരിക്കുന്നത്.

സ്കിൽ അപ്ഡേറ്റിങ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് തയാറാക്കിയ പ്ലാൻ പ്രകാരം കെട്ടിടത്തിന് 256.70 ചതുരശ്ര മീറ്റർ വീതം വിസ്തീർണമുള്ള മൂന്നുനിലകൾ ഉൾപ്പെടെ ആകെ 770. 10ചതുരശ്ര മീറ്റർ വിസ്തീർണമാണുള്ളത്. കഴക്കൂട്ടം വനിതാ ഐ. ടി. ഐ അങ്കണത്തിൽ നടന്ന ചടങ്ങിൽ കടകംപള്ളി സുരേന്ദ്രൻ എം. എൽ. എ അധ്യക്ഷത വഹിച്ചു.

വാർഡ് കൗൺസിലർ എൽ. എസ്. കവിത, വ്യവസായിക പരിശീലന വകുപ്പ്ഡയറക്ടർ ഡോ. വീണാ എൻ. മാധവൻ, വനിതാ ഐടിഐ പ്രിൻസിപ്പൽ എം. സുരേഷ്കുമാർ, ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് ഷമ്മി ബേക്കർഎ, എസ്യുഐഐടി സ്പെഷൽ ഓഫീസർ ജെ. സുജാത എന്നിവർ പങ്കെടുത്തു.



*പെണ്ണടയാളങ്ങൾ സ്ത്രീ അവസ്ഥാ പഠനം ' പദ്ധതിയുടെ പഠന റിപ്പോർട്ട് ഐ.ബി സതീഷ് എം.എൽ.എ പ്രകാശനം നിർവഹിച്ചു*

# കാട് നിറഞ്ഞ പുരയിടത്തിൽ ദിവസങ്ങൾ പഴക്കമുള്ള മൃതദേഹം കണ്ടെത്തി

ചാത്തന്നൂർ: ആൾ താമസമില്ലാത്ത കാട് നിറഞ്ഞ പുരയിടത്തിൽ അഞ്ച് ദിവസത്തോളം പഴക്കമുള്ള ശരീരഭാഗങ്ങളില്ലാത്ത മൃതദേഹം കണ്ടെത്തി. ചാത്തന്നൂർ ചിറക്കര ഉളിയനാട് കോളനിയിൽ പൊയ്കയിൽ സന്തോഷ് ഭവനിൽ ഷിജു(38)വിൻറെ മൃതദേഹമാണ് പുരയിടത്തിൽ നിന്നും കണ്ടെത്തിയത്.

രാവിലെ ദുർഗന്ധം വമിക്കുന്നതിനെ തുടർന്ന് റോഡിലൂടെ പോയവർ സംശയത്തെ തുടർന്ന് പുരയിടത്തിൽ കയറി നോക്കിയപ്പോഴാണ് കുറ്റിക്കാട്ടിൽ മൃതദേഹം കണ്ടത്. തുടർന്ന് നാട്ടുകാർ വസ്തു ഉടമസ്ഥനെയും പോലീസിനെയും വിവരം അറിയിക്കുകയായിരുന്നു.

ചാത്തന്നൂർ പോലീസ് സ്ഥലത്തെത്തി മൃതദേഹ പരിശോധന നടത്തി. അഞ്ചു ദിവസത്തോളം പഴക്കം തോന്നിക്കും. ശരീരാവയവങ്ങൾ നായകളോ കുറുക്കന്മാരോ കടിച്ചുകീറിയ നിലയിലായിരുന്നു.

ഒരു കാലും കാൽ പാദവും രണ്ട് കൈപ്പത്തികളും ഇല്ലായിരുന്നു. ഫോറൻസിക് വിഭാഗവും ഡോഗ് സ്ക്വാഡും സ്ഥലത്തെത്തി തെളിവുകൾ ശേഖരിച്ചു. പോലീസ് നായ മൃതദേഹം കിടന്ന സ്ഥലത്തു നിന്നും ടാർ ചെയ്ത റോഡു വരെ എത്തി നിന്നു. ചാത്തന്നൂർ എ സി പി ബൈജുവി നായർ, എസ് എച്ച് ഒ വിജയരാഘവൻ എന്നിവരുടെ നേതൃത്വത്തിൽ ചാത്തന്നൂർ പോലീസ് എത്തി മേൽ നടപടികൾ സ്വീകരിച്ചു.

പ്രാഥമിക പോസ്റ്റ് മോർട്ടം റിപ്പോർട്ടിൽ അസ്വാഭാവികത ഒന്നും ഇല്ലാത്തതിനാൽ കൂടുതൽ അന്വേഷണം നടന്ന് വരുന്നു. നാല് ദിവസമായി ഷിജുവിനെ കാണാനില്ലാഞ്ഞിട്ടും ബന്ധുക്കൾ പോലീസിൽ പരാതി നൽകിയിരുന്നില്ല. ഷിജു ഭാര്യയുമായി പിണങ്ങി കഴിയുകയായിരുന്നുവെന്ന് ബന്ധുക്കൾ പറഞ്ഞു. ഇയാൾ മരം കയറ്റ തൊഴിലാളിയായിരുന്നു. അന്വേഷണം നടന്നുവരികയാണെന്നും ആന്തരികാവയവങ്ങളുടെ സാമ്പിളുകൾ രാസപരിശോധനയ്ക്ക് അയച്ചിട്ടുണ്ടെന്നും എ സി പി ബൈജു വി. നായർ പറഞ്ഞു.

മൃതദേഹം കണ്ട സ്ഥലത്തിന് സമീപം കുറ്റിക്കാട്ടിൽ ആറ് മാസം മുമ്പ് ഉളിയനാട് സ്വദേശി സുരേഷിനെ മരിച്ചനിലയിൽ കണ്ടെത്തിയിരുന്നു. അത് അഞ്ചു ദിവസത്തോളം പഴക്കമുള്ളതും ശരീരാവയവങ്ങൾ മൃഗങ്ങൾ ഭക്ഷിച്ച നിലയിലുമായിരുന്നു. സുരേഷിനെ കൊലപ്പെടുത്തിയ ബംഗാൾ സ്വദേശിയെ ഒരാഴ്ചയ്ക്കകം ചാത്തന്നൂർ പോലീസ് അറസ്റ്റ് ചെയ്തിരുന്നു. പോസ്റ്റ്മോർട്ടത്തിന് ശേഷം വീട്ടിലെത്തിച്ച മൃതദേഹം വീട്ടുവളപ്പിൽ സംസ്കരിച്ചു. ഭാര്യ സന്ധ്യ. മക്കൾ: രാമനാഥൻ, ഗംഗ.




ഡിമെൻഷ്യ, അൽഷിമേഴ്സ് ബാധിതരായ വയോജനങ്ങൾക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി സാമൂഹ്യനീതിവകുപ്പ് നടപ്പാക്കുന്ന 'ഓർമ്മത്തോണി' പദ്ധതിയുടെ ലോഗോ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു പ്രകാശനം ചെയ്യുന്നു.

# നെഹ്റുവിയൻ രാഷ്ട്രീയത്തെ തകർക്കാൻ ബിജെപി ശ്രമം: എൻ. കെ. പ്രേമചന്ദ്രൻഎം പി

കൊല്ലം: നെഹ്റുവിയൻ രാഷ്ട്രീയത്തെ തകർക്കാൻ ബിജെപി ബോധപൂർവം ശ്രമിക്കുന്നുവെന്ന് എൻ. കെ. പ്രേമചന്ദ്രൻ എംപി മതത്തിൻറെ യും ഭാഷയുടെയും പേരിൽ ഭിന്നിപ്പുണ്ടാക്കാനാണ് ബിജെപി നീക്കമെന്നും പ്രേമചന്ദ്രൻ പറഞ്ഞു.

ആധുനിക ഭാരതത്തിൻറെ ശില്പി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവാണേന്നും നെഹ്റുവിൻറെ പാരമ്പര്യം ഇന്ത്യയിൽ ഇല്ലാതാക്കുകയാണ് ഇവരുടെ ലക്ഷ്യമെന്നും എംപി പറഞ്ഞു.

കോൺഗ്രസ് ഇന്ത്യയിൽ അത്ഭുതപ്രതിഭാസമാണെന്നും കോൺഗ്രസ് നേതൃത്വം നൽകുന്ന ഇന്ത്യമുന്നണി അധികാരത്തിൽ എത്തിയാൽ മാത്രമേ ഇന്ത്യയുടെ മതേതരത്വ ഐക്യം നിലനിർത്താൻ കഴിയൂ വെന്നും പ്രേമചന്ദ്രൻ പറഞ്ഞു.

പ്രധാനമന്ത്രി തന്നെ ഒരു മതവിഭാഗത്തിൻറെ പുരോഹിതനായി മാറുന്ന കാഴ്ച അത്ഭുതപ്പെടുത്തുന്നതാണെന്നും പ്രേമചന്ദ്രൻപറഞ്ഞു. പാർലമെൻറ് കാൻറീനിൽ പ്രധാനമന്ത്രിയോടൊപ്പം പ്രേമചന്ദ്രൻ അടക്കമുള്ള എംപിമാർ പങ്കെടുത്ത ചായസൽക്കാരം വിവാദമാക്കിയ സാഹചര്യത്തിൽ കൊല്ലം സൗഹൃദവേദി സംഘടിപ്പിച്ച പ്രതീകാത്മക പുനരാവിഷ്കാര ചായ സൽക്കാരത്തോടനുബന്ധിച്ച് നടത്തിയ 'നെഹ്റുവിയൻ രാഷ്ട്രീയം വർത്തമാനകാല ഇന്ത്യയിൽ, എന്ന വിഷയത്തെക്കുറിച്ച് നടന്ന ചർച്ചയിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

കെപിസിസി സെക്രട്ടറിയും സൗഹൃദ വേദി പ്രസിഡൻറുമായ ആർ. രാജശേഖരൻ ചർച്ചയ്ക്ക് നേതൃത്വം നൽകി. സംഘടന ഭാരവാഹികളായ പ്രസന്നൻ ഉണ്ണിത്താൻ, വി. ടി. കുരീപ്പുഴ, സാബു ബെനഡിക്ട്, സജീവ് പരിശവിള, പി. വി. ബാബു, റോണ റി ബൈറോ, ഷാജി പാപ്പച്ചൻ, ഇ. എമ്മേ ഴ്സൺ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

# ഉളിയനാട് ആറു മാസത്തിനിടയിൽ രണ്ടാമത്തെ ദുരൂഹ മരണം

ചാത്തന്നൂർ: ആറ് മാസത്തിനിടെ ഉളിയനാട് പ്രദേശത്ത് കുറ്റിക്കാട്ടിൽ കണ്ടെത്തിയ രണ്ടാമത്തെ മൃതദേഹമാണ് ഷിജു (38) വിൻറേത്. ആദ്യം കണ്ടെത്തിയത് ഉളിയനാട് സ്വദേശി സുരേഷിൻറേതായിരുന്നു. ഉളിയനാട് വില്ലേജാഫീസിന് സമീപമുള്ള കുറ്റിക്കാട്ടിലായിരുന്നു സുരേഷിൻറെ മൃതദേഹം കാണപ്പെട്ടത്.

രണ്ട് മരണങ്ങൾക്കും സമാനതകൾ ഏറെയുണ്ട്. ഇരു മൃതദേഹങ്ങളും അഞ്ചു ദിവസത്തോളം പഴക്കമുള്ളതായിരുന്നു. മൃതദേഹങ്ങളുടെ ശരീര ഭാഗങ്ങൾ നായകളോ കുറുനരികളോ ഭക്ഷിച്ച നിലയിലായിരുന്നു. അസഹ്യമായ ദുർഗന്ധത്തെ തുടർന്ന് നാട്ടുകാർ നടത്തിയ പരിശോധനയിലാണ് മൃതദേഹങ്ങൾ കണ്ടെത്തിയത്. ഉളിയനാട് വില്ലേജാഫീസിന് തൊട്ടടുത്ത കുറ്റിക്കാട്ടിലാണ് സുരേഷിൻറെ ജഡം കണ്ടെത്തിയതെങ്കിൽ അവിടെ നിന്നും 300 മീറ്റർ ദൂരത്തിനുള്ളിലാണ് ഷിജുവിൻറെ മൃതദേഹം കിടന്നിരുന്നത്. രണ്ടും വിജനമായ പ്രദേശത്തെ കുറ്റിക്കാടുകൾക്കിടയിൽ.

സുരേഷിൻറെ മരണത്തെക്കുറിച്ച് അന്നത്തെ ചാത്തന്നൂർ എസിപി ബി. ഗോപകുമാർ, ഇൻസ്പെക്ടർ ശിവകുമാർ എന്നിവരുടെ നേതൃത്വത്തിൽ ഊർജിതമായ അന്വേഷണം നടത്തി. അത് കൊലപാതകമാണെന്നും കണ്ടെത്തി.

പശ്ചിമ ബംഗാൾ സ്വദേശിയായ തൊഴിലാളിയെ അറസ്റ്റ് ചെയ്യുകയും ചെയ്തു. മരിച്ച സുരേഷും പ്രതിയും ഒന്നിച്ചിരുന്ന് മദ്യപിക്കുന്നതിനിടയിലുണ്ടായ തർക്കമാണ് കൊലപാതകത്തിൽ കലാശിച്ചത്. പ്രതി അത് രഹസ്യ മാക്കി വച്ച് രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടയിലായിരുന്നു പോലീസ് പിടികൂടിയത്.

മരം വെട്ട് തൊഴിലാളിയായ ഉളിയനാട് കോളനി പൊയ്കയിൽ സന്തോഷ് ഭവനിൽ ഷിജു ഭാര്യയും മക്കളുമായി പിണങ്ങി കഴിയുകയായിരുന്നു. കോളനിയിൽ നിരന്തരം വഴക്കുമുണ്ടാക്കുമായിരുന്നു.

നാല് ദിവസമായി ഷിജുവിനെക്കുറിച്ച് വീട്ടുകാർക്കോ നാട്ടു കാർക്കോ യാതൊരു വിവരവുമുണ്ടായിരുന്നില്ല. പക്ഷേ ഷിജുവിനെ കാണാനില്ലെന്ന് ആരും പോലീസിന് പരാതി നല്കിയതുമില്ല.

ഷിജുവിൻറെ മരണത്തെക്കുറിച്ച് പോലീസ് ഗൗരവമായിഅന്വേഷണം നടത്തിവരികയാണെന്ന് എസി പി ബൈജുവി. നായർ പറഞ്ഞു. ഡോഗ് സ്ക്വാഡും ഫോറൻസിക് വിദഗ്ധരും പോലീസും തെളിവെടുപ്പ് നടത്തി. ഷിജുവിൻറെ ആന്തരിക അവയവങ്ങളുടെ സാമ്പിളുകൾ രാസപരിശോധനകൾക്ക് അയച്ചിട്ടുണ്ട്. പഴുതടച്ച അന്വേഷണമാണ് നടത്തുന്നതെന്ന് ചാത്തന്നൂർ എസിപി പറഞ്ഞു.

സുരേഷിൻറെ മരണവുമായി ബന്ധപ്പെട്ട സാഹചര്യങ്ങൾ ഷിജുവിൻറെ മരണത്തിൽ കണ്ടെത്താൻ പ്രാഥമികമായി കഴിഞ്ഞിട്ടില്ലെന്നും എ സി പി പറഞ്ഞു.

# വയോ ജന സൗഹൃദ ഭവനങ്ങളും നൽകുന്നു: മന്ത്രി ബാലഗോപാൽ

കൊല്ലം: ലൈഫ് പദ്ധതിക്ക് പുറമെ വയോജനങ്ങളെ മുന്നിൽകണ്ട് അവർക്ക് സൗകര്യപ്രദമാകുന്ന ഭവന നിർമാണത്തിനും സർക്കാർ ഊന്നൽ നൽകുകയാണെന്ന് മന്ത്രി കെ. എൻ ബാലഗോപാൽ.

സംസ്ഥാന ഭവനനിർമാണ ബോർഡും ജില്ലാ പഞ്ചായത്തും സംയുക്തമായി നടപ്പിലാക്കുന്ന സ്വപ്ന കൂട് പദ്ധതി കൊട്ടാരക്കര മുൻസിപ്പൽ ഗ്രൗണ്ടിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ബജറ്റിൽ വയോജനസൗഹൃദ ഭവന നിർമാണം വിഭാവനം ചെയ്തിട്ടുണ്ട്. വീട് എന്ന സ്വപ്നം ജീവിത സായാഹ്നത്തിലും ലഭ്യമാക്കുകയാണ് ലക്ഷ്യം.

ലൈഫ് പദ്ധതിയിലൂടെ നാലുലക്ഷം വീടുകൾ ഏഴര വർഷക്കാലം കൊണ്ട് നിർമിച്ചു നൽകി.

അഞ്ചുലക്ഷം വീടുകൾ അടുത്ത രണ്ടു വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യം.

ഭവനമെന്ന സാധാരണക്കാരൻറെ ആഗ്രഹത്തിന് സാക്ഷാത്കാരം നൽകുക എന്നുള്ളതാണ് ഈ സർക്കാരിൻറെ ജനങ്ങളോടുള്ള പ്രതിബദ്ധതയ്ക്ക് തെളിവെന്ന് മുഖ്യാതിഥിയായ മന്ത്രി ജെ ചിഞ്ചുറാണി പറഞ്ഞു.

ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പി. കെ.ഗോപൻ അധ്യക്ഷനായി. കൊട്ടാരക്കര മുൻസിപ്പൽ ചെയർമാൻ എസ്. ആർ രമേശ്, വൈസ് പ്രസിഡൻറ് ശ്രീജ ഹരീഷ്, ഭവന നിർമാണ ബോർഡ് ചെയർമാൻ പി. പി.സുനീർ, സ്ഥിരംസമിതി അധ്യക്ഷർ, ത്രിതല പഞ്ചായത്ത് അംഗങ്ങൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# കാടിറങ്ങി ആനക്കൂട്ടം, നാട്ടിലാകെ ഭീതി സംരക്ഷിക്കാൻ സോളാർ വേലികൾ മാത്രം

പത്തനംതിട്ട: ജനവാസ മേഖലയിലേക്ക് ഇറങ്ങുന്ന കാട്ടാനകളെ പ്രതിരോധിക്കാൻ വനംവകുപ്പിനു കൈവശമുള്ളത് സോളാർ വേലിയും കിടങ്ങുകളും മാത്രമാണ്. എന്നാൽ ഇതുകൊണ്ടു മാത്രം മൃഗങ്ങളെ തുരത്താൻ കഴിയില്ലെന്നാണു കഴിഞ്ഞ കാലസംഭവങ്ങൾ തെളിയിക്കുന്നത്.

കാട്ടാന മാത്രമല്ല കടുവയും പുലിയും കുരങ്ങും ഉൾപ്പെടെയുള്ള വന്യമൃഗങ്ങളും കർഷകദ്രോഹികളായി മാറിയ കാട്ടുപന്നിയും കുരങ്ങും മലയണ്ണാനും മയിലും ഉൾപ്പെടെയുള്ളവ നാട്ടിലാണ്. കാട്ടിൽ ഇവയെ സംരക്ഷിക്കേണ്ട വനപാലകർ ഇപ്പോൾ നാടിറങ്ങിയ മൃഗങ്ങളിൽനിന്നു മനുഷ്യരെ സംരക്ഷിക്കുന്നതിനെക്കുറിച്ചു പഠിച്ചുവരികയാണ്.

നാടിറങ്ങുന്ന ആനയെ പടക്കം പൊട്ടിച്ചും തീ കൂട്ടി ഭയപ്പെടുത്തിയുമാണ് ഓടിക്കുന്നത്. വനപാലകരുടെ കൈവശം വെടി പൊട്ടിച്ച് ഭയപ്പെടുത്താൻ കഴിയുന്ന തോക്കുണ്ടാകും. മുൻപൊക്കെ നാട്ടുകാരുടെ ചില പൊടിക്കൈകളിലൂടെ ആനയെ ഭയപ്പെടുത്തി ഓടിച്ചിരുന്നു.

കാടിറങ്ങുന്നത് കൂട്ടത്തോടെ.കാട്ടാനകൾ ഇപ്പോൾ കൂട്ടത്തോടെയാണ് സഞ്ചരിക്കുന്നത്. ഒറ്റയാൻമാർ ഇപ്പോൾ അപൂർവ കാഴ്ചകളാണ്. മുൻപൊക്കെ ഒറ്റയാൻമാരാണ് ശല്യക്കാരായി മാറിയിരുന്നത്. ഇപ്പോൾ ഒന്നിലധികം ആനകളാണ് എത്തുന്നത്. ഇവ കൂടുതൽ പ്രശ്നകാരികളാകുന്നുണ്ട്.

ജില്ലയിൽ കോന്നി, റാന്നി വനംഡിവിഷനുകളിലെ വനാതിർത്തികളിലും തേക്ക് പ്ലാന്റേഷന് ചുറ്റുമാണ് സോളാർ വേലികൾ സ്ഥാപിച്ചിരിക്കുന്നത്. ഈ വേലികൾ കടന്നാണ് വന്യമൃഗങ്ങൾ നാട്ടിലെത്തുന്നത്. കിടങ്ങുകളാണു മറ്റൊരു പ്രതിരോധം. കിടങ്ങുകൾ കുഴിയ്ക്കാൻ വലിയ ചെലവായതിനാൽ വനംവകുപ്പ് അതിന് മുതിരാറില്ല. പലയിടത്തും വേലികളുടെ ബാറ്ററി ചാർജ് തീർന്ന് പ്രവർത്തനം നിലച്ചിരിക്കുകയാണ്. ചിലയിടത്തു വനസംരക്ഷണ സമിതികൾ ബാറ്ററി ചാർജ് ചെയ്യാറുണ്ട്. സോളാർ വേലികൾ കണ്ടാൽ അതു തകർക്കാൻ ആനയ്ക്കും ഒരു ഹരമാണ്. വൈദ്യുതി കടത്തിവിട്ടില്ലെങ്കിൽ ആനക്കൂട്ടം ഇതു തകർത്തിരിക്കും. ആന ചവിട്ടിയും മരങ്ങൾ വീണും സോളാർ വേലികൾ ഏറെയും തകർന്നു കിടക്കുകയാണ്.

അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ സോളാർ വേലികൾ ദ്രവിച്ചു പോകുന്നുമുണ്ട്. ചിലയിടങ്ങളിൽ പാറ ഉള്ളതിനാൽ കിടങ്ങുകൾ കുഴിക്കാനുമാകുന്നില്ല. 2018 മുതൽ 2022 വരെയുള്ള കാലയളവിലാണ് സോളാർ വേലി സ്ഥാപിച്ചത്.

കോന്നി വനം ഡിവിഷനിൽ 63 കിലോമീറ്ററും റാന്നിയിൽ 52 കിലോമീറ്ററുമാണ് വനംവകുപ്പ് സ്ഥാപിച്ചിട്ടുള്ള സോളാർ വേലിയുടെ ദൈർഘ്യം. ഏറെക്കാലം നിലനിൽക്കുന്നതായ കമ്പിയും തൂണുകളും ഉപയോഗിച്ച് വേലി നിർമിക്കാൻ പലപ്പോഴും ഫണ്ട് തികയാറില്ല.

കാട്ടിൽനിന്ന് ആന പുറത്തേക്കിറങ്ങാതെ വനാതിർത്തിയിൽ സംരക്ഷണവേലി നിർമിക്കുകയെന്ന നിർദേശം മുൻപേ ഉള്ളതാണ്. വനാതിർത്തിയിൽ വലിയതും മുള്ളുകളുള്ളതുമായ മരങ്ങൾ നട്ടുപിടിപ്പിക്കാനായാലും അവയെ തടയാനാകും.

വേനൽക്കാലത്തു വനത്തിനുള്ളിൽ ഭക്ഷണവും വെള്ളവും ഉറപ്പാക്കാനാകണം. ചെക്ക് ഡാമുകൾ, ജല സ്രോതസുകൾ, തടയണകൾ എന്നിവയുടെ നിർമാണം ആനത്താരയിൽ ഉണ്ടാകണം.ഫലവൃക്ഷങ്ങൾ വനത്തിൽ നട്ടുപിടിപ്പിക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാകണം. സ്വകാര്യ തോട്ടങ്ങളിൽ കാട് വളരാൻ അനുവദിക്കരുത്.

# കുടിവെള്ളം ക്ഷാമം രൂക്ഷം; യൂത്ത്കോൺഗ്രസ് പ്രവർത്തകർ സെക്രട്ടറിയെ ഉപരോധിച്ചു

കരുനാഗപ്പള്ളി: തൊടിയൂർ ഗ്രാമപഞ്ചായത്തിലെ 15,16,17 വാർഡുകളിൽ കുടിവെള്ളക്ഷാമം രൂക്ഷമായിട്ട് 16 ദിവസം കഴിഞ്ഞിട്ടും നടപടിയില്ലാത്തതിൽ പ്രതിഷേധിച്ച് പഞ്ചായത്ത് സെക്രട്ടറിയെ യൂത്ത് കോൺഗ്രസ് തൊടിയൂർ മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തകർ ഉപരോധിച്ചു.

പ്രദേശത്തെ ജനങ്ങൾ കുടിയ്ക്കാൻ പോലും ആവശ്യത്തിന് ജലം ലഭിക്കാതെ ബുദ്ധിമുട്ടുകയാണ്. കഴിഞ്ഞ കുറെ ദിവസങ്ങളായി പഞ്ചായത്ത് അധികാരികളോടും കളക്ടർ അടക്കമുള്ളവർക്ക് പരാതി കൊടുത്തിട്ടും യാതൊരു നടപടിയും സ്വീകരിക്കുന്നില്ല.

കുടിവെള്ളത്തിനായി ജനങ്ങൾ തെരുവിലേക്ക് ഇറങ്ങേണ്ടുന്ന അവസ്ഥയാണ്. അടിയന്തര പ്രാധാന്യമായ വിഷയമായിട്ടും ടാങ്കർ ലോറിയിൽ കുടിവെള്ളം എത്തിച്ചു കൊടുക്കുവാൻ പഞ്ചായത്ത് ഇതുവരെ ഒരുനടപടിയും സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ചാണ് സമരം നടത്തിയത്.

പഞ്ചായത്ത് സെക്രട്ടറിയുമായി വൈസ്പ്രസിഡൻറ് തൊടിയൂർ വിജയൻറെ സാന്നിധ്യത്തിൽ നടന്ന ചർച്ചയിൽ ഉടൻ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാം എന്ന ഉറപ്പിന്മേൽ ഉപരോധം അവസാനിപ്പിച്ചു. സമരം യൂത്ത് കോൺഗ്രസ് സംസ്ഥാന സെക്രട്ടറി എ. ഷഹനാസ് ഉദ്ഘാടനം ചെയ്തു.

മണ്ഡലം പ്രസിഡൻറ് മുഹമ്മദ് അൻഷാദ് അധ്യക്ഷത വഹിച്ചു. ജില്ലാ ജനറൽ സെക്രട്ടറി രഞ്ജിത്ബാബു ചിറയിൽ, നിയോജകമണ്ഡലം ജനറൽ സെക്രട്ടറി ഷാനവാസ്, ശ്രീകുമാർ, നവാസ്, മുഹ്സിൻ മേടയിൽ, ഷഫീഖ് വെളുത്തമണൽ, സിയാദ്, ഹരി, മാജിദ് തുടങ്ങിയവർ നേതൃത്വം നൽകി.

## ഫോറസ്റ്റ് വാച്ചർമാരുടെ മൂന്നു സ്കൂട്ടറുകൾ കത്തിനശിച്ചു

പാലപ്പിള്ളി: ഇഞ്ചക്കുണ്ട് പരുന്തുപാറയിൽ ഫോറസ്റ്റ് വാച്ചർമാരുടെ മൂന്ന് സ്കൂട്ടറുകൾ കത്തിനശിച്ചു. പരുന്തുപാറ കുതിരവളവിൽ ഇന്നലെ ഉച്ചയ്ക്ക് ഒന്നിനായിരുന്നു തീപിടിത്തം ഉണ്ടായത്. മുപ്ലിയം ഫോറസ്റ്റ് സ്റ്റേഷനിലെ റിസർവ് ഫോറസ്റ്റ് വാച്ചർ ഐ. നിഖിൽ, താൽക്കാലിക വാച്ചർമാരായ കെ. എ. ഷൈജു, വി. യു. ജയൻ എന്നിവരുടെ വാഹനങ്ങളാണു കത്തിനശിച്ചത്.

കാട്ടാനശല്യത്തെതുടർന്ന് സ്ഥലത്തെത്തിയതായിരുന്നു ഫോറസ്റ്റ് വാച്ചർമാർ. കുതിരവളവിലെ തോട്ടത്തിനു സമീപമായിരുന്നു വാഹനങ്ങൾ പാർക്ക് ചെയ്തിരുന്നത്. വനാതിർത്തിയിലെ ഫയർലൈൻ നിർമാണം നടക്കുന്ന ഭാഗത്ത് പോയി മടങ്ങിയെത്തിയപ്പോഴാണ് സ്കൂട്ടറുകൾ പൂർണമായും കത്തിനശിച്ച നിലയിൽ കണ്ടെത്തിയത്.

പുതുക്കാടു നിന്നും അഗ്നിരക്ഷാസേന എത്തിയാണ് തീ കെടുത്തിയത്. തീപിടിത്തതിൻറെ കാരണം വ്യക്തമല്ല. ആരെങ്കിലും മനപ്പൂർവം തീയി ട്ടതാണോയെന്നും പരിശോധിക്കുന്നുണ്ട്. വരന്തരപ്പിള്ളി പോലീസ് അന്വേഷണം ആരംഭിച്ചു.

## വ്യാജരേഖകളുണ്ടാക്കി പണം സംഘടിപ്പിച്ചു സിനിമാനിർമാണം; പ്രതി അറസ്റ്റിൽ

തൃശൂർ: വ്യാജരേഖകളുണ്ടാക്കി 8.40 കോടി സംഘടിപ്പിച്ചു സിനിമ നിർമിച്ചു പണം മടക്കിക്കൊടുക്കാത്ത സംഭവത്തിൽ തൃശൂർ സ്വദേശി അറസ്റ്റിൽ.

പാട്ടുരായ്ക്കൽ സ്വദേശി വെട്ടിക്കാട്ടിൽ വീട്ടിൽ ജോസ് തോമസി(42)നെയാണ് ജില്ലാ ക്രൈംബ്രാഞ്ച് എസിപി ആർ. മനോജ്കുമാറിൻറെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തത്. അഞ്ചുപേരുടെ പേരിൽ വ്യാജ പ്രൊഫൈലുകളും രേഖകളും ഉണ്ടാക്കി കോയമ്പത്തൂർ സ്വദേശിയിൽനിന്നാണ് പ്രതി തുക സംഘടിപ്പിച്ചത്. ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ നിന്നു പരാതി ജില്ലാ ക്രൈംബ്രാഞ്ചിനു കൈമാറുകയായിരുന്നു.

ഇത്തരത്തിൽ കബളിപ്പിച്ചതിൻറെ പേരിൽ പ്രതിക്കെതിരെ ഒരു വർഷം മുൻപ് അഞ്ചു ക്രൈം കേസുകൾ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിരുന്നു. ക്രൈം സ്ക്വാഡ് അംഗങ്ങളായ എസ്ഐ സുവ്രതകുമാർ, എസ്ഐ പി. എം. റാഫി, സീനിയർ സിപിഒ പളനിസ്വാമി എന്നിവരും ചേർന്നാണ് പ്രതിയെ പിടികൂടിയത്.

# സംസ്ഥാനത്ത് ആദ്യമായി നൈലോൺ നൂൽ ഫാക്ടറി പ്രവർത്തനസജ്ജമാകുന്നു

അമ്പലപ്പുഴ: സംസ്ഥാനത്ത് ആദ്യമായി നൈലോൺ നൂൽ ഫാക്ടറി പ്രവർത്തനസജ്ജമാകുന്നു. മത്സ്യഫെഡിൻറെ അധീനതയിൽ പുന്നപ്ര വടക്ക് പഞ്ചായത്തിലെ പറവൂരിലാണ് അത്യാധുനിക 7 ടിഎഫ്ഒ മെഷിൻറെ സഹായത്തോടെ ഫാക്ടറി പ്രവർത്തനസജ്ജമാകുന്നത്. മത്സ്യഫെഡ് 5.5 കോടി രൂപ ചെലവിലാണ് ഫാക്ടറി പ്രവർത്തനസജ്ജമാക്കിയത്.ജില്ലയിലേയും സമീപ സ്ഥലങ്ങളിലേയും മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞനിരക്കിൽ വല ലഭ്യമാക്കാൻ കഴിയുന്ന ഫാക്ടറിയിൽ പ്രതിമാസം 30 ടൺ ഉത്പാദനശേഷിയാണ് ഉണ്ടാകുക. സംസ്ഥാനത്ത് തിരുവനന്തപുരത്തെ മുട്ടത്തറയിലും എറണാകുളത്തും കണ്ണൂരുമാണ് ഇപ്പോൾ മത്സ്യബന്ധന വല നിർമാണ ഫാക്ടറികളുള്ളത്. ഇവിടേക്ക് ആവശ്യമായ ട്വൈയ്ൻ നൂൽ ഉത്പാദനമാണ് പറവൂരിലെ ഫാക്ടറിയിൽ നടക്കുക.നൂലിൻറെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള ലബും ഇവിടെ സജ്ജമാക്കും. ചെന്നൈ, നാഗർകോവിൽ, ഡെമൻഡ്യൂ എന്നിവിടങ്ങളിൽനിന്നാണ് ആവശ്യമായ ട്വൈൻനൂൽ ഇപ്പോൾ എത്തിക്കുന്നത്. 90 ടൺ നൂലാണ് സംസ്ഥാനത്താകെ ആവശ്യമായി വരുന്നതെങ്കിലും ഫാക്ടറിയുടെ പ്രവർത്തനശേഷി വർധിപ്പിച്ച് കാലക്രമത്തിൽ മത്സ്യഫെഡിന് ആവശ്യമായ മുഴുവൻ നൂലുകലും ഇവിടെ ഉത്പാദിപ്പിക്കാനാകും. 15ന് വൈകിട്ട് നാലി ന് മന്ത്രി സജി ചെറിയാൻ ഫാക്ടറി നാടിനു സമർപ്പിക്കുമെന്നും എ. എം. ആരിഫ് എം പി മുഖ്യാതിഥിയാകുമെന്നും എച്ച്. സലാം എം എൽഎ പറഞ്ഞു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# രാജകീയ സംഗീതത്തിന്റെ മണികിലുക്കം

ചെന്നൈ എച്ച്.ഐ.ടി. കോളേജിലെ മെക്കാനിക്കൽ എൻജിനീയറിങ് വിദ്യാർഥിയായ കാലത്തുതന്നെ ഒരു സുഹൃത്തിന്റെ അടുക്കൽനിന്ന് ഗിറ്റാറിലും കീബോർഡിലും പാശ്ചാത്യ സംഗീതത്തിലും പഠനം നടത്തി, അച്ഛനറിയാതെ. കാരണം അച്ഛന് കർണാടക സംഗീതത്തിലായിരുന്നു താത്പര്യം. സുപ്രിയയുടെ ഭരതൻ സംവിധാനം ചെയ്ത 'ഇതാ ഇവിടെവരെ' എന്ന ചിത്രത്തിൽ ദേവരാജൻ സംവിധാനം ചെയ്ത ഗാനങ്ങൾക്ക് ഗിറ്റാർ വായിച്ചുകൊണ്ട് രാജാമണി വീണ്ടും സിനിമാരംഗത്തെത്തി. എന്നാൽ മസ്കറ്റിൽ ജോലിചെയ്യാനായിരുന്നു യോഗം. മസ്കറ്റിൽ പോയതും ഗിറ്റാറുമായിട്ട്.

സംഗീതകുതുകിയായ രാജാമണിയിൽ എന്തോ കമ്പം തോന്നിയ അവിടത്തെ അറബി, ഒരു സംഗീത ട്രൂപ്പ് ഉണ്ടാക്കി അതിന്റെ നേതൃത്വം ഏൽപ്പിച്ചു. മസ്കറ്റിലെ ജോലിയും തുടർന്നുകൊണ്ടു പോകാനായില്ല. വീണ്ടും നാട്ടിൽ തിരിച്ചെത്തി. പല പ്രശസ്ത സംഗീത സംവിധായകർക്കും ഗിറ്റാറിൽ പിന്നണി നൽകി. കെ. രാഘവൻ, എം.കെ. അർജുനൻ, ശ്യാം, ദക്ഷിണാമൂർത്തി തുടങ്ങിയവരുടെ മ്യൂസിക് ട്രൂപ്പിലെ ഗിറ്റാറിസ്റ്റായി രാജാമണി.

ജയചന്ദ്രനും ലതികയും നടത്തിയ ഒരു ഗാനമേള നടക്കുന്ന അവസരത്തിൽ പ്രശസ്ത സംഗീത സംവിധായകൻ ജോൺസണുമായുള്ള കൂടിക്കാഴ്ച രാജാമണിയുടെ സംഗീതജീവിതത്തിൽ വഴിത്തിരിവായി. അന്നത്തെ ഓർക്കസ്ട്ര കണ്ടക്ട് ചെയ്തിരുന്ന ജോൺസനാണ് രാജാമണിയിലെ സംഗീത സംവിധായകനെ കണ്ടെത്തിയത്. ഓർക്കസ്ട്ര കണ്ടക്ട് ചെയ്യാൻ നിർബന്ധിച്ചതും ജോൺസനായിരുന്നു.

മസ്കറ്റിൽ നിന്നു നാട്ടിൽ തിരിച്ചെത്തി നാലുവർഷത്തിനകം ജോൺസൺ പകർന്നു നൽകിയ കഴിവിൽ രാജാമണി ആദ്യമായി സ്വതന്ത്രമായി സംഗീത സംവിധാനവും പശ്ചാത്തലസംഗീതവുമൊരുക്കി. കഴിഞ്ഞമാസം ജനവരി 23ന് ജോൺസൺ മാഷിനെക്കുറിച്ച് മാതൃഭൂമി ബുക്സ് പുറത്തിറക്കിയ 'പൊന്നുരുകും പൂക്കാലം' എന്ന പുസ്തകത്തിന്റെ പ്രകാശനത്തിന് രാജാമണിയും എത്തിയിരുന്നു. തുടർന്ന് രാജാമണിയുടെ നേതൃത്വത്തിൽ ജോൺസൺ ഈണമിട്ട ഗാനങ്ങൾ അടങ്ങിയ സംഗീത സന്ധ്യയും അരങ്ങേറുകയുണ്ടായി..

1999ൽ പുറത്തിറങ്ങിയ 'ടെററിസ്റ്റ് നെയിം ഓഫ് ബുദ്ധ' 2004ലെ ഹിന്ദിചിത്രമായ 'ദി ബ്ലാക്ക്', ഇംഗ്ലീഷ്ചിത്രമായ സേക്രഡ് പ്ലേസ്, ഷാജി കൈലാസ് ചിത്രങ്ങളായ ആറാം തമ്പുരാൻ, നരസിംഹം തുടങ്ങിയ മികച്ച ഹിറ്റു ചിത്രങ്ങളിലും പശ്ചാത്തല സംഗീതം രാജാമണിയുടേതാണ്. പശ്ചാത്തല സംഗീതത്തിന് സംസ്ഥാന ചലച്ചിത്ര പുരസ്കാരമുൾപ്പെടെ ഒട്ടേറെ ബഹുമതികൾ നേടിയിട്ടുണ്ട്.

രാജാമണിയുടെ സംഗീത ജീവിതത്തിന് വളമായത് കോഴിക്കോട്ടെ ജീവിതമാണ്. മാവൂർ റോഡ് അശോക ആസ്പത്രിക്ക് സമീപമുള്ള അമ്മയുടെ തറവാട്ടുവീട്ടിലായിരുന്നു കുട്ടിക്കാലം. അച്ഛൻ ചിദംബരനാഥിൽനിന്ന് ജന്മസിദ്ധമായി കിട്ടിയ സംഗീതത്തെ വളർത്തിയതും പരിപോഷിപ്പിച്ചതും ഇവിടെവെച്ചു തന്നെ. പിന്നീട് വിദ്യാഭ്യാസത്തിനും സിനിമാ പ്രവർത്തനത്തിനുമായി ചെന്നൈയിലേക്ക് കുടിയേറി. ഈ യാത്രയിലൊക്കെയും കോഴിക്കോടിനോടുള്ള സ്നേഹവും സൗഹൃദങ്ങളും കൈവിട്ടില്ല.

ആ ഗൃഹാതുരത്വമാകാം കിട്ടുന്ന ഇടവേളകളിലൊക്കെയും കോഴിക്കോട്ടേക്ക് ഓടിയെത്താൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. കോഴിക്കോട് നഗരത്തിലെ പ്രധാന ഗാനമേളാ വേദികളിലിൽ എത്താനും തിരക്കിനിടയിൽ രാജാമണി സമയം കണ്ടെത്തി. 'സംഗീതം അനശ്വരമാണ്. മനസ്സിനെ അത് കുളിർപ്പിക്കണം. ബഹളമയമായ സംഗീതം ശബ്ദമലിനീകരണത്തിന് കാരണമാകും' ഇതായിരുന്നു രാജാമണി സംഗീതത്തിന് നൽകിയിരുന്ന നിർവചനം. ശുദ്ധസംഗീതത്തോടുള്ള ആ ആരാധനയും വാത്സല്യവും സംഗീതവും തന്നെയായിരുന്നു അദ്ദേഹത്തിന്റെ സംഗീതത്തിലും നിറഞ്ഞുനിന്നിരുന്നത്.

# Adani Green Begins Generation From The World's Largest Renewable Energy Park

Operationalizes the first 551 MW solar capacity at Khavda, starts supply to national grid

Editor's Synopsis:

- AGEL plans to develop 30 GW of clean energy at Khavda to generate ~81 billion units of electricity annually
- This will power 16.1 million homes and avoid 58 million tonnes of CO2 emissions annually
- AGEL cements its leadership position in India with the largest operational portfolio of 9,029 MW and total portfolio of 20,844 MW

Ahmedabad, 14 February 2024: Adani Green Energy Limited (AGEL), India's largest renewable energy (RE) company and the second largest solar PV developer in the world, has operationalized 551 MW solar capacity in Khavda, Gujarat, by supplying power to the national grid.

AGEL achieved this milestone within 12 months of commencing work on the Khavda RE park, starting with the development of basic infrastructure, including roads and connectivity, and creating a self-sustaining social ecosystem. AGEL also transformed the challenging and barren terrain of the Rann of Kutch into a habitable environment for its 8,000-strong workforce.

AGEL plans to develop 30 GW of renewable energy capacity at this RE park. The planned capacity is expected to be operationalized in the next five years. When completed, the Khavda RE park will be the largest renewable energy installation in the world.

Energy from the Khavda RE park can power 16.1 million homes each year. With proven expertise in developing largescale renewable projects, a robust supply chain network and technological prowess, AGEL is best positioned to build this record-setting giga-scale plant with no parallel in the world's clean energy sector.

The region is endowed with one of the best wind and solar resources in the country, which makes it ideal for giga-scale RE development. AGEL conducted extensive studies and deployed multiple innovative solutions to accelerate the development of the plant. (For more information, refer to Annexure-1). In the process, it is supporting the development of an indigenous and sustainable supply chain.



"Adani Green Energy is creating one of the world's most extensive renewable energy ecosystems for solar and wind," said Mr Gautam Adani, Chairman, Adani Group. "Through bold and innovative projects like the Khavda RE plant, AGEL continues to set higher global benchmarks and rewrite the world's planning and execution standards for giga-scale renewable energy projects. This milestone is a validation of the Adani Group's commitment and leading role in accelerating India's equitable clean energy transition journey towards its ambitious goals of 500 GW of renewable energy capacity by 2030 and carbon neutrality."

India is shaping the global dialogue on a sustainable energy future. Aligned to this, AGEL is committed to delivering the transition to affordable and reliable clean energy.

About Adani Green Energy Limited

Adani Green Energy Limited (AGEL) is India's largest and one of the leading renewable energy companies in the world, enabling the clean energy transition. AGEL develops, owns, and operates utility scale grid-connected solar, wind and hybrid renewable power plants. With a locked-in growth trajectory up to 20.8 Gigawatt (GW), AGEL currently has an operating renewable portfolio of over 9 GW, the largest in India, spread across 12 states. AGEL is credited with developing several landmark renewable energy power plants, the latest being the world's largest wind-solar hybrid power cluster of 2,140 Megawatt (MW) in Jaisalmer, Rajasthan. The company has set a target of achieving 45 GW by 2030 aligned to India's decarbonization goals. AGEL is focused on leveraging technology to reduce the Levelized Cost of Energy (LCOE) in pursuit of enabling largescale adoption of affordable clean energy. AGEL's operating portfolio is certified 'water positive for plants of more than 200 MW capacity', 'single-use plastic free' and 'zero waste-to-landfill', a testament to the company's commitment of powering sustainable growth.

Roy Paul
Adani Group, Corporate Communications
roy.paul@adani.com

ANNEXURE-1

Ideal location

Khavda, located in the Kutch district of Gujarat, is a promising location for wind and solar energy projects. The region witnesses ~2,060 kWh/m2 of high solar irradiation, making it ideal for solar energy generation. It is also blessed with one of the best wind resources availability in India, with speeds of ~8 meters per second.

Preparing the turf

Over the last 5 years, Adani Green conducted multiple studies, such as geotechnical investigation, seismic study, centrifuge tests, resource assessment studies, land studies, Environment and Social Impact Assessment, Environmental and Social Due Diligence, and detailed feasibility studies, amongst others, before embarking on the development of this site. AGEL deployed innovative solutions at Khavda, which will provide a scalable blueprint for giga-scale RE parks across the globe. For example, to address the unique soil strata, AGEL deployed underground stone columns to enhance soil strength.

The company is deploying India's largest onshore wind turbine generator of 5.2 MW capacity, bifacial solar PV modules, and horizontal single-axis tracker systems. It will be leveraging its state-of-the-art Energy Network Operation Centre (ENOC) platform with AI/ ML integration to enable real-time automated monitoring.

Focus on indigenization, sustainable development

In line with the 'Atmanirbhar Bharat' vision, AGEL is not only focusing on clean energy production but also on developing indigenous and resilient supply chains with significantly increased share of localized procurement, such as WTGs and trackers.

The project utilizes waterless robotic cleaning to address dust accumulation on solar panels, which will contribute to the United Nations Sustainable Development Goal 6 by conserving water in the arid Kutch region and maximize electricity generation.

AGEL is actively engaged in community development initiatives across several villages in the region, focusing on education, health, women empowerment, water conservation, and enhancing community infrastructure as part of its ESG efforts. This demonstrates its holistic commitment to enhancing social and natural capital in the region.

# കേരളം വയോജന സംസ്ഥാനമായി മാറുന്നു: ഗൗരി പാർവതി ഭായി

മാന്നാർ: പഠനത്തിനും തൊഴിലിനുമായി യുവാക്കൾ വിദേശത്തേക്ക് കുടിയേറുന്നതിനാൽ കേരളം വയോജന സംസ്ഥാനമായി മാറുകയാണെന്ന് പൂയം തിരുനാൾ ഗൗരി പാർവതി ഭായി തമ്പുരാട്ടി പറഞ്ഞു.

ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ ബാവയുടെ സ്മരണയിൽ ആരംഭിച്ച മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സഹോദരൻ സാധുജന ക്ഷേമപദ്ധതിയുടെ രണ്ടാം വാർഷികം ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു ഗൗരി പാർവതി ഭായി.സഭാംഗമായ ജേക്കബ് സ്കറിയ മലങ്കര മെത്രാപ്പോലീത്തായുടെ പേരിൽ ദാനമായി നൽകിയ സ്ഥലത്ത് സഭാ ഭേദമില്ലാതെ ഭൂരഹിതരായ നിർധനർക്ക് സഭാംഗങ്ങളായ വ്യക്തികൾ നിർമിച്ച് നൽകിയ ഒൻപതു വീടുകളുടെയും കോട്ടയം ബസേലിയോസ് കോളജ് സ്പോൺസർ ചെയ്തിട്ടുള്ള ഒരു വീടിൻറെയും താക്കോൽ ദാനവും ഗൗരി പാർവതി ഭായി നിർവഹിച്ചു.പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അധ്യക്ഷത വഹിച്ചു. മൊബൈൽ പാലിയേറ്റീവ് കെയർ യൂണിറ്റിൻറെ ഉദ്ഘാടനവും കാതോലിക്കാ ബാവാ നിർവഹിച്ചു.വൃക്ക മാറ്റിവയ്ക്കൽ പദ്ധതിയുടെ ഉദ്ഘാടനം ഗീവർഗീസ് മാർ അപ്രേമും 100 വീടുകളുടെ നിർമാണോദ്ഘാടനം ശിവഗിരി മഠാധിപതി സ്വാമി സച്ചിദാനന്ദയും നിർവഹിച്ചു. ഡോ. യൂയാക്കിം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പൊലീത്ത, ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ. യൂഹാനോൻ മാർ ദിയസ്കോറസ്, ഡോ.യൂഹാനോൻ മാർ ദിമെത്ര

# ലോക്സഭാ തെരഞ്ഞെടുപ്പ്: സ്ഥാനാർഥി നിർണയം: ഇടുക്കിയിൽ അണിയറചർച്ച സജീവം

തൊടുപുഴ: ലോക്സഭാ തെരഞ്ഞെടുപ്പ് വിജ്ഞാപനം പടിവാതിൽക്കൽ എത്തിനിൽക്കെ ഇടുക്കിയിൽ യുഡിഎഫ്, എൽഡിഎഫ്, എൻഡിഎ മുന്നണികളിൽ ചർച്ചകൾ സജീവമായി. യുഡിഎഫിൽ നിലവിലുള്ള പൊതു ധാരണ പ്രകാരം സിറ്റിംഗ് എംപിയായ ഡീൻ കുര്യാക്കോസിനായിരിക്കും പ്രഥമ പരിഗണന.എൽഡിഎഫിലാകട്ടെ മുൻ എംപി ജോയ്സ് ജോർജ് തന്നെ സ്ഥാനാർഥിയാകാനുള്ള സാധ്യതയാണുള്ളത്. എൻഡിഎയിൽ കഴിഞ്ഞ തവണ ബിഡിജെഎസിനായിരുന്നു സീറ്റ്. ഇത്തവണയും സീറ്റ് ആവശ്യപ്പെട്ട് ബിഡിജെഎസ് രംഗത്തെത്തിയിട്ടുണ്ട്.

എന്നാൽ സീറ്റ് ധാരണപ്രകാരം ഇടുക്കിക്ക് പകരം മറ്റൊരു മണ്ഡലം നൽകി ഇടുക്കി ബിജെപി ഏറ്റെടുക്കാനും ആലോചനയുണ്ട്. സ്ഥാനാർഥികളുമായി ബന്ധപ്പെട്ടുള്ള അണിയറ ചർച്ചകൾ നടക്കുന്പോൾ തന്നെ മൂന്നു മുന്നണികളും താഴെതട്ടു മുതൽ പ്രവർത്തകരെ സജ്ജരാക്കാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകഴിഞ്ഞു.

സർക്കാർ സംഘടിപ്പിച്ച നവകേരള സദസോടെ പരോക്ഷമായി എൽഡിഎഫ് പ്രവർത്തകരെ തെരഞ്ഞെടുപ്പിനായി സജ്ജമാക്കാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു കഴിഞ്ഞു. ജില്ല, നിയോജകമണ്ഡലം, മണ്ഡലം തലങ്ങളിലുള്ള പ്രവർത്തനങ്ങൾക്കും ഇവർ തുടക്കമിട്ടു കഴിഞ്ഞു.

യുഡിഎഫിൻറെ സംസ്ഥാനതല സമരാഗ്നി യാത്ര ഇടുക്കിയിൽ എത്തുന്നതോടെ പ്രവർത്തകരെ ഉണർത്താനും പ്രചാരണ പ്രവർത്തനങ്ങൾക്ക് തുടക്കമിടാനും കഴിയുമെന്നാണ് മുന്നണിയുടെ വിലയിരുത്തൽ.യുഡിഎഫ് പോഷക സംഘടനകളെയും തെരഞ്ഞെടുപ്പ് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾക്കായി ഒരുക്കിവരികയാണ്. ബിജെപി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ നയിക്കുന്ന കേരള പദയാത്ര ഇന്ന് ജില്ലയിലെത്തുന്നതോടെ പ്രവർത്തകർക്ക് ആവേശം പകരാനും തെരഞ്ഞെടുപ്പ ചർച്ചകൾക്ക് തുടക്കം കുറിക്കാനും കഴിയുമെന്നാണ് നേതൃത്വത്തിൻറെ കണക്കുകൂട്ടൽ.

മൂന്നുമുന്നണികളും സ്ഥാനാർഥിയുടെ പേര് ഒഴിവാക്കി ചുവരെഴുത്തും ആരംഭിച്ചിട്ടുണ്ട്. മലയോര ജില്ലയായ ഇടുക്കിയിൽ കാർഷിക വിഷയങ്ങൾക്കായിരിക്കും പ്രചാരണത്തിൽ മുൻതൂക്കമുണ്ടാകുക. കൃഷിയിടത്തിലെ വന്യമൃഗശല്യം, പട്ടയം, കാർഷികോത്പ്പന്നങ്ങളുടെ വിലയിടിവ്, നിർമാണ നിരോധനം, വികസന പ്രവർത്തനങ്ങൾ സംസ്ഥാന, ദേശീയ വിഷയങ്ങൾ എന്നിവയെല്ലാം തെരഞ്ഞെടുപ്പിൽ നിർണായക ചർച്ചാവിഷയങ്ങളാകും. തെരഞ്ഞെടുപ്പ് വിജ്ഞാപനം വരുന്നതിനൊപ്പം സ്ഥാനാർഥികളെ പ്രഖ്യാപിക്കാനുള്ള ശ്രമത്തിലാണ് മൂന്നുമുന്നണികളും.

ഇടുക്കി പാർലമെൻറ് മണ്ഡലത്തിൽ ഏഴ് നിയമസഭാ മണ്ഡലങ്ങളാണ് ഉൾപ്പെടുന്നത്. ഇതിൽ എറണാകുളം ജില്ലയിൽപ്പെട്ട കോതമംഗലവും മൂവാറ്റുപുഴയും ഇടുക്കി ജില്ലയിൽപ്പെട്ട തൊടുപുഴ, ഇടുക്കി, പീരുമേട്, ഉടുന്പൻചോല, ദേവികുളം മണ്ഡലങ്ങളുമാണുമുള്ളത്. ഏഴുമണ്ഡലങ്ങളിൽ തൊടുപുഴയും മൂവാറ്റുപുഴയും മാത്രമാണ് യുഡിഎഫിനൊപ്പമുള്ളത്. ശേഷിക്കുന്ന അഞ്ച് മണ്ഡലങ്ങളും എൽഡിഎഫിനൊപ്പമാണ്.

# എരുമേലിയിൽ എൽഡിഎഫ് അവിശ്വാസപ്രമേയം 23ന്

എരുമേലി: പഞ്ചായത്ത് ഭരണം നടത്തുന്ന കോൺഗ്രസിനെതിരേ എൽഡിഎഫ് നൽകിയ അവിശ്വാസ പ്രമേയത്തിൽ ചർച്ചയും വോട്ടെടുപ്പും 23ന് പഞ്ചായത്ത് ഹാളിൽ. രാവിലെ പത്തിന് പ്രസിഡൻറ് സുബി സണ്ണിക്കെതിരേയുള്ള അവിശ്വാസ പ്രമേയ അവതരണം നടക്കും.

അന്ന് ഉച്ചയ്ക്ക് രണ്ടിന് വൈസ് പ്രസിഡൻറ് ബിനോയിക്കെതിരേയുള്ള അവിശ്വാസ പ്രമേയ അവതരണവും നടക്കും. ഇതിനായി അംഗങ്ങൾക്ക് നോട്ടീസ് അയച്ചെന്നു വരണാധികാരി കാഞ്ഞിരപ്പള്ളി ബിഡിഒ ഫൈസൽ പറഞ്ഞു. അവിശ്വാസ പ്രമേയ ചർച്ചയിൽ വോട്ടെടുപ്പ് വേണ്ടിവന്നാൽ രഹസ്യ ബാലറ്റിലൂടെ വോട്ടെടുപ്പ് നടത്തും. പാർലമെൻറ് തെരഞ്ഞെടുപ്പ് വിജ്ഞാപനം വന്നാലും അവിശ്വാസ പ്രമേയ അവതരണത്തെ ബാധിക്കില്ലെന്നു ബിഡിഒ ഫൈസൽ പറഞ്ഞു.

അഴിമതി, കെടുകാര്യസ്ഥത, ഭരണസ്തംഭനം എന്നിവ ആരോപിച്ചാണ് എൽഡിഎഫ് അവിശ്വാസ പ്രമേയം അവതരിപ്പിക്കാൻ അനുമതിതേടി നോട്ടീസ് നൽകിയിരിക്കുന്നത്. ആരോപണങ്ങൾ തെറ്റാണെന്നും ഭരണത്തിനു മതിയായ ഭൂരിപക്ഷമുണ്ടെന്നും പഞ്ചായത്ത് പ്രസിഡൻറ് സുബി സണ്ണി, വൈസ് പ്രസിഡൻറ് ബിനോയ് എന്നിവർ പറഞ്ഞു.

അവിശ്വാസ പ്രമേയത്തെ കോൺഗ്രസ് ഒറ്റക്കെട്ടായി നേരിട്ട് പരാജയപ്പെടുത്തുമെന്നു കോൺഗ്രസ് ബ്ലോക്ക് പ്രസിഡൻറ് ബിനു മറ്റക്കര അറിയിച്ചു.

23 അംഗ ഭരണസമിതിയിൽ കോൺഗ്രസിനും എൽഡിഎഫിനും തുല്യ അംഗങ്ങളും ഒരു സ്വതന്ത്രനുമാണുള്ളത്. ഇരുപക്ഷത്തും 11 അംഗങ്ങൾ ഉള്ളതിൽ യുഡിഎഫിൽ കോൺഗ്രസ് ഒഴികെ ഘടകകക്ഷികൾക്കു പ്രതിനിധികൾ ഇല്ല. എൽഡിഎഫിൽ സിപിഎമ്മിന് പത്തുപേരും ഒരു സിപിഐ അംഗവുമാണുള്ളത്. സ്വതന്ത്രനായ ബിനോയ് കോൺഗ്രസ് പിന്തുണയിൽ വൈസ് പ്രസിഡൻറ് സ്ഥാനം വഹിക്കുകയാണ്.പാർലമെൻറ് തെരഞ്ഞെടുപ്പ് ഉടനെ ഉള്ളതിനാൽ ഭരണം അട്ടിമറിക്കപ്പെടരുതെന്ന് കോൺഗ്രസ് ജില്ലാ നേതൃത്വം നിർദേശം നൽകിയിട്ടുണ്ട്. ഇതു മുൻനിർത്തി കോൺഗ്രസിലെ തർക്കങ്ങൾ പരിഹരിക്കാനുള്ള ശ്രമത്തിലാണ് പ്രാദേശിക നേതൃത്വം.

## പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഫോൺ: 9447791255 ബന്ധപ്പെടുക.

40 ശതമാനമോ അതിലധികമോ വൈകല്യം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കേറ്റ്, മാസവരുമാനം 22,500രൂപയിൽ താഴെയാണെന്നു തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ജനപ്രതിനിധികളുടെ കത്ത് അല്ലെങ്കിൽ റേഷൻകാർഡ് കോപ്പി, റേഷൻ കാർഡ്, ആധാർകാർഡ്, പാസ്പോർട്ട് സൈസ് ഫോട്ടോ.

മുതിർന്നവർ 60 വയസിനു മുകളിൽ പ്രായമുണ്ടെന്നു തെളിയിക്കുന്ന ആധാർ കാർഡിൻറെ കോപ്പി. മാസവരുമാനം 22,500രൂപയിൽ താഴെയാണന്നു തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ജനപ്രതിനിധികളുടെ കത്ത് അല്ലെങ്കിൽ റേഷൻകാർഡ് കോപ്പി, ഫോട്ടോ എന്നിവ ഹാജരാക്കണം.